



# അൽഹഖ്

പുസ്തകം 19 ലക്കം 4 ജൂൺ 2011 ഇഹ്സാൻ 1390 ജ.ആഖർ - റജബ് 1432

# അഹ്മദി വിദ്യാർഥികൾ ഡോ.അബ്ദുസ്സലാമിന്റെ സ്ഥാനത്തെത്തണം

**- ഹ.അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് V**



ഇന്ന് നിങ്ങൾ വിദ്യാർഥികൾ ഈ തീരുമാനമെടുക്കുക, ശാസ്ത്രമേഖലയിൽ എത്രത്തോളം മുന്നേറണമെന്നാൽ, ഈ രാജ്യത്തിന് ശാസ്ത്രജ്ഞന്മാരുടെ ആവശ്യം വന്നാൽ നിങ്ങൾക്ക് അത് പൂർത്തിയാക്കാൻ കഴിയണം. അത് അഹ്മദിയ്യത്തിന്റെ പേര് പ്രകാശിതമാക്കാനുള്ള ഒരു പ്രവർത്തിയായിരിക്കും.

........ ഹദ്റത് ഖലീഫത്തുൽ മസീഹ് സാലിസ്(റഹ്) ജൂബിലി വർഷത്തിൽ അഹ്മദീ കുട്ടികളിൽ നിന്ന് ഡോക്ടർ അബ്ദുസ്സലാമിന്റെ സ്ഥാനം കരസ്ഥമാക്കുന്ന നൂറോളം ശാസ്ത്രജ്ഞന്മാർ വേണമെന്ന് പറഞ്ഞിരുന്നു. ഇപ്പോഴും നമുക്കത് സാധ്യമായിട്ടില്ല........ നിങ്ങൾ പഠിക്കാനുള്ള അവസരങ്ങളേയും സൗകര്യങ്ങളേയും പ്രയോജനപ്പെടുത്തിക്കൊണ്ട് മുന്നോട്ട് തന്നെ കുതിക്കുവിൻ.

(ഖുദ്ദാം യു.കെ. ഇജ്തിമാഅ് സമാപന പ്രഭാഷണം 17.12.2006)

അഹ്മദീ വിദ്യാർഥികൾ കൂടുതൽ കൂടുതൽ ഗവേഷണ രംഗത്തേക്ക് വരേണ്ടിയിരിക്കുന്നു. അടുത്ത പതിനഞ്ച്, ഇരുപത് വർഷങ്ങളിൽ ഗവേഷണരംഗത്ത് അഹ്മദി വിദ്യാർഥികളുടെ ഒരു നല്ല അനുപാതം ഉണ്ടാകേണ്ടതാണ്.

ഡോ. അബ്ദുസ്സലാം സാഹിബിനെ ഉദ്ധരിച്ചുകൊണ്ട് പറഞ്ഞു: അഹ്മദി വിദ്യാർഥികൾ ഫിസിക്സ്, കെമിസ്ട്രി, മെഡിക്കൽ രംഗങ്ങളിൽ മുന്നേറണ്ടതാണ്. കഴിവുള്ള വിദ്യാർഥികളെ കണ്ടെത്തി, അവരെ വിവിധ ശാസ്ത്രമേഖലകളിൽ ഗവേഷണം നടത്താൻ പ്രേരിപ്പിക്കേണ്ടതുമാണ്.

(അൽഫദ്ൽ 6.1.2007)


3. യഥാർഥ അറിവ്
4. ചിന്തിക്കുക, അന്വേഷിക്കുക
5. അറിവ് തേടിയുള്ള യാത്ര
6. ദഅ്വത്തെ ഇലല്ലാഹ്
7. ആത്മീയ അനുഭവങ്ങൾ
9. ദീപസ്തംഭം മഹാശ്ചര്യം!
10. ഈദിന് മകളുടെ ജനാസ
11. ഹ.മിർസാ ശരീഫ് അഹ്മദ്(റ)
12. ഇസ്തിഗ്ഫാറിന്റെ യാഥാർഥ്യം

## ഇമാമുസമാന്റെ ഫത്‌വകൾ



### നമസ്കാരം ജംഅ് ആക്കൽ

നോക്കൂ, നാമും ഇളവുകൾക്കനുസൃതമായി നമസ്കാരങ്ങൾ രണ്ട് മാസമായി, രോഗവും, തഫ്സീർ സൂറത്തുൽ ഫാതിഹ എഴുതുന്നതുകൊണ്ടുള്ള തിരക്കുകളും കാരണം രണ്ട് മാസമായി ജംഅ് ആക്കി നമസ്കരിക്കുന്നു. നമസ്കാരങ്ങൾ ജംഅ് ആക്കുന്നതിലൂടെ തജ്മഉ ലഹുസ്സ്വലാത്തു (മസീഹ് മൗഊദ് ന് വേണ്ടി നമസ്കാരങ്ങൾ ജംഅ് ആക്കപ്പെടും) എന്ന ഹദീസും പൂർത്തിയാവുന്നു. ഈ ഹദീസിൽ നിന്ന് മനസിലാവുന്നത്, മസീഹ് മൗഊദ് നമസ്കാരത്തിൽ ഇമാമായിരിക്കുകയില്ല എന്നും, മറിച്ച് ഇമാം അദ്ദേഹത്തിന് വേണ്ടി നമസ്കാരങ്ങൾ ജംഅ് ആക്കുമെന്നുമാണ്. (ഫതാവ - പേജ്: 42)

### നമസ്കാരവും ഖസ്റും

ഹുസൂർ ബട്ടാല പോകുമ്പോൾ നമസ്കാരം ഖസ്ർ ആക്കുന്നതിനെ കുറിച്ച് ചോദിച്ചപ്പോൾ, പറഞ്ഞു:
അതേ, കാരണം അത് യാത്രയാണ്. ഡോക്ടർമാരും, ഉദ്യോഗസ്ഥൻമാരും മറ്റും സന്ദർശനത്തിന് വേണ്ടി ഗ്രാമങ്ങളിലൊക്കെ യാത്ര ചെയ്യുമ്പോൾ, ആ യാത്രകളെയൊക്കെ കൂട്ടി, അത് യാത്ര എന്ന് പറയപ്പെടാവതല്ല. (ഫതാവ: പേജ്: 44)
രാപ്പകൽ പര്യടനം നടത്തുന്നവർ, അത്തരത്തിലുള്ള ജോലിക്കാരാണ്. അവർ പര്യടനത്തിൽ യാത്രക്കാർ എന്ന് പറയപ്പെടാവതല്ല. അവർ മുഴുവൻ നമസ്കാരവും അനുഷ്ഠിക്കേണ്ടതാണ്. (ഫതാവ: പേജ്: 207)

### വിത്ർ നമസ്കാരം

വിത്റിനെ സംബന്ധിച്ച്, ഒരു റക്കഅത്തോ, അതോ മൂന്നോ, മൂന്നാണെങ്കിൽ എങ്ങിനെ നമസ്കരിക്കണം? ഇതു സംബന്ധമായി ഹുസൂർ (അ)ന്റെ നിർദ്ദേശം:
ഒരു റക്കഅത്ത് മാത്രം നിഷിദ്ധമാണ്. മൂന്ന് റക്കഅത്തുകൾ നമസ്കരിച്ചിരുന്നത് ഇങ്ങനെയാണ്. രണ്ട് റക്കഅത്തിന് ശേഷം അത്തഹിയ്യാത്ത് ചൊല്ലി സലാംവീട്ടുകയും പിന്നെ ഒരു റക്കഅത്ത് നമസ്കരിച്ചിരുന്നു. ചിലപ്പോൾ രണ്ട് റക്കഅത്ത് നമസ്കരിച്ച് സലാം വീട്ടാതെ എഴുന്നേറ്റ് മൂന്നാമത്തെ റക്കഅത്ത് അനുഷ്ഠിച്ചിരുന്നു. (മജ്മൂഅ ഫതാവ: പേജ്: 208)

### യാത്രയും വിത്റും

ഹദ്റത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ) പറയുന്നു: യാത്രയിലല്ലെങ്കിലും യാത്രയിലാണെങ്കിലും, മൂന്ന് റക്കഅത്ത് വിത്ർ നിർബന്ധമാണ്. ഹദ്റത് മസീഹ് മൗഊദ്(അ) യാത്രയിലും, ഇശാ നമസ്കാരശേഷം രാത്രിയുടെ ആദ്യഭാഗത്ത് മൂന്ന് റക്കഅത്ത് വിത്ർ നിർബന്ധമായും അനുഷ്ഠിച്ചിരുന്നു. (ബദ്ർ 12.1.1906)

# ഇസ്ലാമും ശാസ്ത്രവും

### ഹ. ഖലീഫത്തുൽ മസീഹ് സാനി (റ)

ദൈവത്തിന്റെ വചനവും അവന്റെ പ്രവർത്തിയും തമ്മിൽ പൊരുത്തക്കേടില്ല എന്നതാണ് ഇസ്ലാം നമുക്ക് നൽകുന്ന അദ്ധ്യാപനം. അങ്ങനെ ശാസ്ത്രവും മതവും തമ്മിലുണ്ടെന്ന് സങ്കൽപ്പിക്കപ്പെടുന്ന വൈരുദ്ധ്യത്തിന് അത് തീർപ്പുകൽപിക്കുന്നു. പ്രകൃതി നിയമങ്ങളെ അവഗണിക്കാനോ അവയ്ക്ക് വിരുദ്ധമായ സംഗതികൾ വിശ്വസിക്കാനോ ഇസ്ലാം നമ്മോട് ആവശ്യപ്പെടുന്നില്ല. മറിച്ച് പ്രകൃതി നിയമങ്ങളെക്കുറിച്ച് പഠിക്കാനും അതിൽ നിന്ന് പ്രയോജനം കരസ്ഥമാക്കാനുമാണ് അത് ആഹ്വാനം ചെയ്യുന്നത്. പ്രപഞ്ച സ്രഷ്ടാവായ ദൈവത്തിൽ നിന്ന് തന്നെയാണ് വെളിപാടുകളും ലഭ്യമാകുന്നത് എന്നതിനാൽ അവന്റെ വാക്കും പ്രവർത്തിയും വിരുദ്ധമാകാവുന്നതല്ല എന്ന് ഇസ്ലാം വ്യക്തമാക്കുന്നു. ദൈവത്തിന്റെ വെളിപാടുകൾ മനസ്സിലാക്കാൻ അവന്റെ പ്രവർത്തികളെക്കുറിച്ച് പഠനം നടത്താനും അവന്റെ പ്രവർത്തികൾ ഗ്രഹിക്കാൻ വെളിപാടുകളെക്കുറിച്ച് പഠിക്കാനും ഇസ്ലാം നമ്മെ ക്ഷണിക്കുന്നു. അങ്ങിനെ അത് നമ്മുടെ ധൈഷണിക തൃഷ്ണയെ ശമിപ്പിക്കുന്നു. (Why I believe in Islam?)

### ഹ. ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്)

ശാസ്ത്ര വിജ്ഞാനങ്ങളെക്കുറിച്ച് വിശുദ്ധ ഖുർആൻ നൽകുന്ന മാർഗദർശനം എന്തെന്നറിയാനുള്ള ഉദ്ദേശ്യത്തോടെയും വിശുദ്ധ ഖുർആൻ പഠിക്കേണ്ടതാണ്.
നിങ്ങൾ ശാസ്ത്ര സത്യങ്ങളെ ഖുർആനിക സൂക്തങ്ങളുടെ അർഥവുമായി ചേർത്ത് നോക്കുക.അതിലൂടെ ഒരുപാട് പ്രയോജനപ്രദമായ വസ്തുതകൾ വെളിപ്പെടുന്നതാണ്. അതു മുഖേന ലോകത്തിന് മുന്നിൽ ഇസ്ലാമിന്റെ സത്യത സമർപ്പിക്കാനും കഴിയും.(അൽഫദ്ൽ 15.02.1984)


# കർമശാസ്ത്രം

## നമസ്കാരം ജംആയി അനുഷ്ഠിക്കുമ്പോൾ

ചോദ്യം :- ഒരാളുടെ ളുഹറോ അസറോ നമസ്കാരങ്ങൾ ബാക്കിയാകുകയും അതേ സമയം ഇമാം മഗ്രിബ് നമസ്കാരം അനുഷ്ഠിച്ചുകൊണ്ടിരിക്കുകയും ചെയ്യുമ്പോൾ അന്നേരം അയാൾ ഏത് നമസ്കാരമാണ് അനുഷ്ഠിക്കേണ്ടത്? ഇതു സംബന്ധമായി ജമാഅത്തിന്റെ വീക്ഷണമെന്താണ്?
ഉത്തരം : - മേൽപറഞ്ഞ സാഹചര്യത്തിൽ, പിന്നീട് വരുന്ന ആൾക്ക് തന്റെ ളുഹറോ, അസറോ നമസ്കാരങ്ങൾ അവശേഷിക്കുന്നതായി ഓർമ്മയുണ്ടാക്കുകയോ അല്ലെങ്കിൽ നമസ്കാരം ജംആക്കികൊണ്ടിരിക്കവെ, ഇമാം ഇന്ന നമസ്കാരമാണ് നിർവ്വഹിക്കുന്നതെന്ന അറിവ് അയാൾക്കുണ്ടാകുകയോ ചെയ്യുമ്പോൾ അയാൾ ആദ്യം പൂർത്തിയാക്കാനുള്ള നമസ്കാരം നിർവ്വഹിക്കേണ്ടതാണ്. എന്തുകൊണ്ടെന്നാൽ അടിസ്ഥാനപരമായി നമസ്ക്കാരങ്ങളുടെ ക്രമത്തെ നിലനിറുത്തേണ്ടത് അനിവാര്യമാണ്. ആ അവസ്ഥയിൽ അയാൾ ജമാഅത്തായുള്ള നമസ്ക്കാരത്തോടൊപ്പം ചേരാൻ പാടുള്ളതല്ല. എന്നാൽ തന്റെ ളുഹറോ അസറോ നമസ്ക്കാരം പൂർത്തിയാക്കാനുണ്ടെന്ന കാര്യം അയാൾക്ക് ഓർമ്മയില്ലാതിരിക്കുകയും അഥവാ ഇമാം ഏതു നമസ്ക്കാരമാണ് നിർവ്വഹിക്കുന്നതെന്ന അറിവില്ലാതെ അയാൾ ഇമാമിനോടൊപ്പം ചേരുകയും ചെയ്യുകയാണെങ്കിൽ ഇമാം നിർവ്വഹിക്കുന്ന നമസ്ക്കാരം തന്നെയായിരിക്കും അയാളുടെതുമായിത്തീരുക. ബാക്കിയായ നമസ്ക്കാരം പിന്നീട് അനുഷ്ഠിക്കേണ്ടതാണ്. കാരണം മറവിയും ഓർമ്മയില്ലായ്മയും മാപ്പാക്കപ്പെടുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ) പറയുന്നു: ഞാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നത് നേരിട്ട് ശ്രവിച്ചിട്ടുണ്ട്. അതായത് ഇമാം അസർ നമസ്ക്കാരം അനുഷ്ഠിച്ചുകൊണ്ടിരിക്കെ ളുഹർ നമസ്ക്കാരം നിർവ്വഹിക്കാൻ ബാക്കിയുള്ള ഒരാൾ പള്ളിയിൽ വരികയാണെങ്കിൽ അയാളാദ്യം ളുഹർ നമസ്ക്കാരം അനുഷ്ഠിക്കേണ്ടതാണ്. അല്ലെങ്കിൽ, ഇശാ നമസ്ക്കാരം നടന്നുകൊണ്ടിരിക്കുമ്പോൾ മഗ്രിബ് നമസ്ക്കാരം ശേഷിക്കുന്ന ഒരാൾ പള്ളിയിൽ വരുമ്പോൾ അയാൾ ആദ്യം ഒറ്റക്ക് മഗ്രിബ് നമസ്ക്കാരം പൂർത്തിയാക്കുകയും തുടർന്ന് ഇമാമിനോടൊപ്പം ചേരുകയും ചെയ്യേണ്ടതാണ്. ജംആക്കിയുള്ള നമസ്ക്കാരത്തിന്നിടക്ക് മസ്ജിദിൽ വരുന്ന ആളെ സംബന്ധിച്ചേടത്തോളം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വിധിയിതാണ്. ഇമാം അസർ നമസ്ക്കാരമാണ് നിർവ്വഹിക്കുന്നതെന്ന അറിവ് ഒരാൾക്കുണ്ടെങ്കിൽ അയാൾ ആദ്യം നമസ്ക്കരിക്കാൻ ബാക്കിയുള്ള ളുഹർ നമസ്ക്കാരം പൂർത്തിയാക്കിയതിനെത്തുടർന്ന് ഇമാമിനോടൊപ്പം ചേരുക. അതേ പ്രകാരം ഇമാം ഇശാ നമസ്ക്കാരമാണ് നിർവ്വഹിക്കുന്നതെന്ന് മനസ്സിലായാൽ അയാൾ ആദ്യം അനുഷ്ഠിക്കാൻ ബാക്കിയുള്ള മഗ്രിബ് നമസ്ക്കാരം ഒറ്റക്ക് നിർവ്വഹിച്ച് പിന്നീട് ഇമാമിനോടൊപ്പം ചേരേണ്ടതാണ്. എന്നാൽ ഇമാം ഏതു നമസ്ക്കാരമാണ് നിർവ്വഹിക്കുന്നതെന്ന അറിവില്ലാതെയാണ് അയാൾ ജമാഅത്തായുള്ള നമസ്ക്കാരത്തോടൊപ്പം ചേരുന്നതെങ്കിൽ ഇമാം അനുഷ്ഠിക്കുന്ന നമസ്ക്കാരം തന്നെയായിരിക്കും അയാളുടേതുമായി ഗണിക്കപ്പെടുക. വിട്ടുപോയത് അയാൾ പിന്നീട് നിർവ്വഹിക്കേണ്ടതാണ്. ഉദാഹരണത്തിന്, ഇശാ നമസ്ക്കാരം നടന്നുകൊണ്ടിരിക്കവെ മഗ്രിബ് നമസ്ക്കാരം ശേഷിക്കുന്ന ഒരാൾ പള്ളിയിൽ വരികയും ഇശാ നമസ്ക്കാരമാണ് നടക്കുന്നതെന്ന അറിവ് അയാൾക്കുണ്ടാക്കുകയുമാണെങ്കിൽ അയാൾ ആദ്യം ഒറ്റക്ക് മഗ്രിബ് നമസ്ക്കാരം പൂർത്തിയാക്കുക. അനന്തരം ഇമാമിനോടൊപ്പം ചേരുക. എന്നാൽ ഇശാ നമസ്ക്കാരമാണെന്ന കാര്യം അറിയാതെയാണ് അയാൾ ഇമാമിനോടൊപ്പം ചേർന്നതെങ്കിൽ അത് അയാളുടെയും ഇശാ നമസ്ക്കാരമായിത്തീരുന്നു. മഗ്രിബ് നമസ്ക്കാരം പിന്നീട് അയാൾ പൂർത്തിയാക്കേണ്ടതാണ്. ഈ അവസ്ഥ തന്നെയാണ് അസറിനെ സംബന്ധിച്ചുമുള്ളത്.

**ഫിഖ്ഹ് അഹ്മദിയ്യാ ഭാ:1 വിവ: ടി.കെ. മഹ്മൂദ് കൽകുളം**

തഫ്സീർ



اَلرَّحْمٰنُ ﴿۲﴾
عَلَّمَ الْقُرْاٰنَ ﴿۳﴾



# യഥാർത്ഥ അറിവ്

**ഹ. മൗലാനാ ഹകീം നൂറുദ്ദീൻ (റ) ഖലീഫത്തുൽ മസീഹ് I**

മനുഷ്യൻ വളരെ ബലഹീനനും അസ്ഥിരനും അലസനുമാണ്. യഥാർത്ഥ ജ്ഞാനത്തിൽ നിന്നും വളരെ അകലെയാണ്. സാവധാനത്തിൽ അഭിവൃദ്ധി പ്രാപിക്കാൻ കഴിയും. നാമെന്തു വസ്തുവാണ്. മഹോന്നതനായ ആ മനുഷ്യന്റെ പോലും (ആയിരമായിരം സലാമത്തും സലാമും അദ്ദേഹത്തിലുണ്ടാകട്ടെ) പ്രാർത്ഥന റബ്ബിസിദ്നീ ഇൽമാ (20:115) എന്നതായിരുന്നു. അപ്പോൾ, പ്രവാചകരിൽ ശ്രേഷ്ഠൻ, മനുഷ്യ കുലോത്തമനുപോലും വിജ്ഞാനാഭിവൃദ്ധിയുടെ ആവശ്യമുണ്ട്. അദ്ദേഹം അത്ഖന്നാസും (ജനങ്ങളിൽ വച്ചേറ്റവും സൂക്ഷ്മതയുള്ളവൻ) അഖ്ഷന്നാസും (ജനങ്ങളിൽ വച്ചേറ്റവും ദൈവഭയമുള്ളവൻ) അഅ്ലമുന്നാസു (ജനങ്ങളിൽ ഏറ്റവുമധികം അറിയുന്നവൻ)മാണ്. കൂടാതെ അദ്ദേഹത്തെ സംബന്ധിച്ച് അർ റഹ്മാൻ- അല്ലമൽ ഖുർആൻ എന്ന് വന്നിട്ടുപോലും അദ്ദേഹത്തിന് വിജ്ഞാനാഭിവൃദ്ധിയുടെ ആവശ്യമുണ്ട്. എന്നിരിക്കെ നാം വിജ്ഞാനാഭിവൃദ്ധി കൈവരിക്കുന്നില്ല എങ്കിൽ എന്റെയും നിങ്ങളുടെയുമൊക്കെ അവസ്ഥ തന്നെ എന്താണ്.

അഥവാ ഞാൻ പറയുകയാണ്. എനിക്ക് പുസ്തകങ്ങളോട് നല്ല താല്പര്യമാണ്, അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഗ്രന്ഥങ്ങളുടെ ശേഖരവും നിങ്ങളേക്കാളേറെ എനിക്കുണ്ട്. മാത്രമല്ല അവയെല്ലാം വായിക്കുകയും വളരെ ശ്രദ്ധിച്ചു വായിക്കുകയും ചെയ്തിട്ടുണ്ട്. ഇതും അല്ലാഹുവിന്റെ പ്രത്യേക അനുഗ്രഹമാണ്. ഒരു പക്ഷെ എനിക്കങ്ങിനെ പറയുവാനുള്ള അർഹതയുമുണ്ട്. പക്ഷെ എനിക്കിനി അറിവിന്റെ ആവശ്യമില്ല എന്ന് അങ്ങനെയങ്ങ് പറയാൻ കഴിയില്ല. മറിച്ച് എനിക്കും വിജ്ഞാനാഭിവൃദ്ധിയുടെ ആവശ്യമുണ്ട്. വളരെ വളരെ ആവശ്യമുണ്ട്.

അറിവ് എന്നതുകൊണ്ടുള്ള എന്റെ ഉദ്ദേശ്യം ഭൗതീകജ്ഞാനവും എൽ.എൽ.ബി. യിലോ എൽ.എൽ.ഡിയിലോ ഡിഗ്രികൾ കരസ്ഥമാക്കുക എന്നതല്ല. ലാഹൗല വലാ ഖുവ്വത്ത ഇല്ലാ ബില്ലാഹ് - മറിച്ച് അങ്ങനെയൊന്ന് എന്റെ ചിന്തയിൽപ്പോലും വന്നിട്ടില്ല എന്നുമാത്രമല്ല അങ്ങിനെ എനിക്ക് എന്നെക്കുറിച്ചോ എന്റെ മക്കൾക്കു വേണ്ടിയോ ആഗ്രഹവുമില്ല.

പൊതുവെ ജനങ്ങളുടെ മനസ്സിൽ ഇന്ന് അറിവ് എന്നതുകൊണ്ട് ഭൗതീകമായ അറിവാണെന്നാണ് ധരിക്കപ്പെട്ടിരിക്കുന്നത്. രാപ്പകൽ ഈ ഒരു വെമ്പലും വെപ്രാളത്തിലും മുഴുകിയിരിക്കുന്ന ആയിരക്കണക്കിനാളുകളുമുണ്ട്. അതായത് എങ്ങിനെയെങ്കിലും അവർക്ക് ബി.എ, എം.എ അല്ലെങ്കിൽ എൽ.എൽ.ബിയിൽ ഡിഗ്രി നേടണം. അത്തരം ആളുകൾ ജ്ഞാനം എന്ന വാക്ക് ശരിക്കും അർത്ഥമാക്കുന്ന അത്തരം അറിവുകളുടെ താളം തന്നെ തെറ്റിച്ചിരിക്കുകയാണ്.

അതുകൊണ്ട് അറിവ് വർദ്ധിപ്പിക്കുക എന്നതുകൊണ്ടുള്ള നമ്മുടെ ഉദ്ദേശ്യം - അല്ലാഹുവിന്റെ തൃപ്തിക്കുള്ള അറിവുകളും ഉത്തമ സ്വഭാവഗുണങ്ങൾ പഠിക്കുന്നതിനുള്ള അറിവുകളും അല്ലാഹുവിന്റെ മഹത്വവും പ്രതാപവും കഴിവുകളെയും കുറിച്ച് അറിവുണ്ടാകണം. അവന്റെ ഗുണഗണങ്ങളും അവന്റെ ഭംഗിയും സഹായോപകാരങ്ങളേയും കുറിച്ചറിയുകയും ചെയ്യണം.

അതായത് അല്ലാഹുവിന്റെ കല്പനകൾക്ക് (കാര്യങ്ങൾക്ക്) മാഹാത്മ്യം നൽകുന്നതും അല്ലാഹുവിന്റെ സൃഷ്ടികളോട് അനുകമ്പ തോന്നിക്കുന്നതുമായ അറിവ് ഉണ്ടാകണം. അതാണ് ഉദ്ദേശ്യം.

(ഹഖായിഖുൽ ഫുർഖാൻ വാ: 4, പേജ്:40)
വിവ: കെ.നജ്മുദ്ദീൻ ,മുറിയക്കണ്ണി

## പ്രപഞ്ച രഹസ്യങ്ങൾ കണ്ടെത്തുവിൻ

ഹദ്റത് മുസ്ലിഹ് മൗഊദ്(റ) റബ്വയിൽ ഫദ്‌ലെ ഉമർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഉദ്ഘാടനം ചെയ്തുകൊണ്ട് പറഞ്ഞു: വിശുദ്ധഖുർആൻ പ്രപഞ്ചരഹസ്യങ്ങൾ മനസിലാക്കുവാൻ ക്ഷണിക്കുകയും ശരിയായ ആത്മാർഥതയോടുകൂടി ഈ മാർഗത്തിൽ ചരിക്കുകയാണെങ്കിൽ അവർ തീർച്ചയായും വിജയിക്കുമെന്ന് വാഗ്ദാനം നൽകുകയും ചെയ്യുന്നു.

ഞാൻ ഈ ഇൻസ്റ്റിറ്റ്യൂട്ട് ഉദ്ഘാടനം ചെയ്യുന്ന ഈ സന്ദർഭത്തിൽ തങ്ങളുടെ അകതാരിൽ വിശുദ്ധ ഖുർആന്റെ ആത്മാവ് ഉണ്ടാക്കിയെടുക്കാൻ ശ്രദ്ധ ക്ഷണിക്കുകയാണ്.

കൂടുതൽ പ്രയത്നിക്കാനും കൂടുതൽ സമയം പ്രവർത്തനങ്ങളിൽ വിനിയോഗിക്കാനുമുള്ള സ്വഭാവം ഉണ്ടാക്കിയെടുക്കണം. അങ്ങനെയായാൽ, ലോകത്തിന് അസാധ്യമായ സംഗതികൾ നിങ്ങൾക്ക് സാധ്യമായിത്തീരുന്നതാണ്. നിങ്ങൾക്ക് മുന്നിൽ പ്രപഞ്ചത്തിലെ ഒരു കവാടവും അടക്കപ്പെട്ടിട്ടില്ല. നിങ്ങൾ മുന്നേറാൻ ഉദ്ദേശിക്കുന്നിടത്ത് ദൈവിക സഹായം നിങ്ങൾക്ക് കവാടങ്ങൾ തുറന്ന് തരുന്നതാണ്. നിങ്ങളുടെ ഈ പ്രവർത്തികൾ ദീനീപ്രവർത്തനം തന്നെയാണ്. അത് വിശുദ്ധഖുർആന്റെ കൽപനകളെ പ്രാവർത്തികമാക്കലാണ്. (അൽ മുസ്‌ലിഹ് 30.7.53)

## ഖാദിംകളോട്




**മുസ്‌ലിഹ് മൗഊദ്(റ)**

## ശാസ്ത്ര കാര്യങ്ങളിൽ ബോധവാന്മാരാവുക

ഇത് ശാസ്ത്രപുരോഗതിയുടെ കാലമാണ്. അതിനാൽ നമ്മുടെ ജമാഅത്തിലെ ഓരോ അംഗവും ശാസ്ത്രത്തിന്റെ അടിസ്ഥാന തത്വങ്ങളെ കുറിച്ച് ബോധവാന്മാരാകാൻ വേണ്ടി ഖുദ്ദാമുൽ അഹ്മദിയ്യ പരിശ്രമിക്കേണ്ടതാണ്. നമ്മുടെ ബാർബർമാർക്കും അലക്കുകാർക്കു പോലും ഈ അടിസ്ഥാന തത്വങ്ങൾ മനസ്സിലാകത്തക്ക വിധം അവരുടെ മുൻപാകെ അവതരിപ്പിക്കേണ്ടതാണ്. അതായത് ജലം എന്നത് ഹൈ ഡ്രജന്റെയും, ഓക്സിജന്റെയും കണികകൾ അടങ്ങിയതാണെന്നും, അഗ്നി ഓക്സിജൻ സ്വീ കരിക്കുകയും കാർബൺ പുറത്തുവിടുകയും ചെയ്യുന്നുവെന്നും, ഓക്സിജൻ ഇല്ലെങ്കിൽ അത് അണഞ്ഞുപോകുന്നു എന്നൊക്കെയുള്ള അടിസ്ഥാന തത്വങ്ങൾ ഭൂരിഭാഗം ആളുകളും മനസ്സിലാക്കി കഴിഞ്ഞാൽ പിന്നീട് വരുന്ന ആളുകൾ അതിനേക്കാളുപരി അഭിവൃദ്ധി പ്രാപിക്കുന്നതാണ്. ഒരായിരം കണ്ടുപിടുത്തങ്ങൾ നടത്തിയ എഡിസൺ ഒരു പണിശാലയിലെ നിലം തൂപ്പുകാരനായിരുന്നു. പണിശാലയിൽ ഏതൊരു പ്രവർത്തനം നടക്കുമ്പോഴും അത് സശ്രദ്ധം വീക്ഷിക്കാറുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ഈ താൽപര്യം കണ്ടപ്പോൾ ഒരു ഉദ്യോഗസ്ഥൻ പണിപഠിക്കാൻ കൂടി പറ്റുന്ന ഒരു സ്ഥലത്തേക്ക് അദ്ദേഹത്തെ നിയമിച്ചു. പിന്നീട് ഒരു പരിധിവരെ ശാസ്ത്രത്തെകുറിച്ചുള്ള അറിവ് കൂടി കരസ്ഥമാക്കാനുതകുന്ന ഒരു പാഠശാലയിൽ ചേർത്തുകയും ചെയ്തു. അങ്ങിനെ അദ്ദേഹം കണ്ടുപിടുത്തങ്ങൾ നടത്തി. ഇന്ന് അദ്ദേഹം ലോകത്തിലെ ഏറ്റവും വലിയ കണ്ടുപിടുത്തക്കാരൻ എന്ന് അറിയപ്പെടുന്നു. വൈദ്യുതി, ഫോണോഗ്രാഫ്, ടെലഫോൺ തുടങ്ങി നിരവധി സാമഗ്രികൾ അദ്ദേഹം കണ്ടെത്തി. മറ്റു ചില വസ്തുക്കളിൽ ചില മാറ്റങ്ങൾ നടത്തിയപ്പോൾ പുതിയ വസ്തുക്കളായി മാറി. ആരുടെ ബുദ്ധിയാണോ ശാസ്ത്രത്തിൽ നിന്ന് നിരാശയടയുന്നത് അവർക്ക് മറ്റ് പുസ്തകങ്ങളിൽ നിന്ന് സഹായമെടുത്ത് പുരോഗതി പ്രാപിക്കുന്നതാണ്. ചിലരെ കാണുമ്പോൾ ഒന്നിനും കഴിവില്ലാത്തവരും ബുദ്ധിയില്ലാത്തവരുമായി മനസ്സിലാക്കുന്നു. പക്ഷെ അവരുടെ ബുദ്ധി ഏതെങ്കിലും കാര്യത്തിലേക്ക് തിരിക്കുമ്പോൾ ആശ്ചര്യപ്പെടുത്തുന്ന ഫലമാണ് ഉണ്ടാകുന്നത്. വളരെ ബുദ്ധിയുള്ളവർക്കും, സൂത്രശാലികൾക്കും മാത്രമേ ശാസ്ത്രത്തിൽ അഭിവൃദ്ധി ഉണ്ടാവുകയുള്ളൂ എന്നൊന്നുമില്ല.

**(മശ്അലെ രാഹ് - വാല്യം 4, പേജ് - 160-161)**
**വിവർത്തനം : - നസീം അഹ്മദ്, ചേലക്കര**






# അൽഹഖ്

വാർത്താപത്രിക

2011 ജൂൺ

പുസ്തകം 19 ലക്കം 4


## വിജ്ഞാനം ആർജിക്കുമ്പോൾ

മനുഷ്യനെ മൃഗങ്ങളിൽ നിന്ന് വ്യതിരിക്തനാക്കുന്നത് തിരിച്ചറിവാണ്. അതോടൊപ്പം അവൻ ആർജിക്കുന്ന വിജ്ഞാനം അവനെ അന്തസുള്ളവനാക്കുന്നു. മൃഗങ്ങൾക്ക് ഒന്നും പഠിക്കാനില്ല. അതിന്റെ ജീവിതാവസ്ഥയിൽ അതിനനുസൃതമായ ഉപദർശനം അവക്ക് നൽകപ്പെട്ടിട്ടുണ്ട്.

പക്ഷേ മനുഷ്യൻ വിജ്ഞാനം ആർജിക്കുകയാണ്. ഒരു മൃഗത്തെ നമുക്ക് പരിശീലിപ്പിക്കാം. പക്ഷേ പരിശീലനത്തിന്റെ ഉത്തരവാദിത്വം അവയെ ഏൽപ്പിക്കാൻ സാധ്യമല്ലല്ലോ?

ചുരുക്കത്തിൽ വർണാഭമായ ലോകത്ത് വിജ്ഞാനത്തിന്റെ അനന്തസാധ്യതകൾ നമുക്ക് മുന്നിലുണ്ട്. അവയെ നമുക്ക് സ്വായത്തമാക്കാൻ കഴിയണം. അപ്പോഴും ഒരു അഹ്മദി വിദ്യാർഥിക്ക്, വിദ്യാർഥിനിക്ക് ചില കാര്യങ്ങൾ ഓർക്കാനുണ്ട്.

ഹദ്റത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു:

ബുദ്ധിയെ ദീനിനു മുകളിൽ ഒരിക്കലും വിധികർത്താവാക്കരുത്. ഇൽഹാമിന്റെ വെള്ളി വെളിച്ചമില്ലെങ്കിൽ അത് അന്ധമാണ്. യാഥാർഥ്യങ്ങളെ നിങ്ങൾ വിജ്ഞാനമെന്ന നിലക്ക് താൽപര്യപൂർവം അംഗീകരിച്ചുകൊള്ളുക. പക്ഷേ തെറ്റിധാരണകളെ അനുധാവനം ചെയ്യരുത്.

നിങ്ങൾ ചിന്തകരോ,പണ്ഡിതരോ ഒക്കെ ആയിരിക്കാം. പക്ഷേ നിങ്ങളിൽ ഇസ്‌ലാം ഇല്ലെങ്കിൽ നാമൊരിക്കലും സന്തോഷിക്കുന്നതല്ല.

ലണ്ടനിലെ ഓക്സ്ഫോർഡിൽ പഠനത്തിന് യാത്ര തിരിക്കുമ്പോൾ ഹദ്റത് മിർസാ നാസിർ അഹ്മദ് സാഹിബിന്, പിതൃസഹോദരി ഹദ്റത് നവാബ് മുബാറക ബേഗം സാഹിബ(റ) നൽകിയ ഉപദേശത്തിലെ ഒരു വരി ഇങ്ങനെയാണ്.

ഹർ ബഹർകെ ഗവ്വാസ് ബനോ ലേക് ബായീൻ ശർത്
ഭീഗെ നഹീം ദാമാൻ, ഖുദാ ഹാഫിസോ നാസിർ
"നീ എല്ലാ സമുദ്രത്തിലും ആഴ്ന്നിറങ്ങുക,
പക്ഷേ ഒരു നിബന്ധന, നിന്റെ വസ്ത്രം നനയരുത്,
അല്ലാഹു സംരക്ഷകനും സഹായിയുമായിരിക്കട്ടെ."

വിദ്യ തേടി നാടും വീടും ഉപേക്ഷിച്ച് യാത്ര തിരിക്കുന്ന എക്കാലത്തേയും അഹ്മദി വിദ്യാർഥിനി വിദ്യാർഥികൾക്കുള്ള സാരോപദേശമാണ് ഈ കവിതാശകലത്തിലുള്ളത്.

**Cover**



ജാമിഅ അഹ്മദിയ്യാ റബ്‌വ

## യുഗനാദം

ഹദ്റത് അഹ്മദ്(അ)

# ചിന്തിക്കുക, അന്വേഷിക്കുക

വിശുദ്ധ ഖുർആൻ മുസ്‌ലിം സമൂഹത്തോട് ചിന്തിക്കാനും അന്വേഷിക്കാനും ആകാശഭൂമികളുടെ സൃഷ്ടിപ്പിൽ നിറഞ്ഞുനിൽക്കുന്ന അത്ഭുതങ്ങളെക്കുറിച്ച് മനസിലാക്കാനും കൂടെ കൂടെ പ്രേരിപ്പിക്കുന്നു. മുഅ്മിനിംകളെക്കുറിച്ച് അല്ലാഹു പറയുന്നു:

الَّذِيْنَ يَذْكُرُوْنَ اللّٰهَ قِيٰمًا وَّقُعُوْدًا وَّعَلٰى جُنُوْبِهِمْ وَيَتَفَكَّرُوْنَ فِيْ خَلْقِ السَّمٰوٰتِ
وَالْاَرْضِ ۚ رَبَّنَا مَا خَلَقْتَ هٰذَا بَاطِلًا ۚ سُبْحٰنَكَ فَقِنَا عَذَابَ النَّارِ ﴿١٩١﴾

അതായത് മുഅ്മിനിംകൾ നിന്നും ഇരുന്നും തങ്ങളുടെ പാർശ്വങ്ങളിൽ കിടന്നും അല്ലാഹുവിനെ സ്മരിക്കുകയും ആകാശഭൂമികളിലുള്ള അത്ഭുതകരമായ സൃഷ്ടിപ്പുകളെക്കുറിച്ച് പരിചിന്തനം നടത്തുകയും അന്വേഷിക്കുകയും ദൈവിക സൃഷ്ടിപ്പിന്റെ സൂക്ഷ്മാംശങ്ങൾ വെളിപ്പെടുമ്പോൾ, നാഥാ! നിന്റെ സൃഷ്ടിപ്പൊന്നും തന്നെ വ്യർത്ഥമായിട്ടുള്ളതല്ല എന്ന് പറയുകയും ചെയ്യുന്നവരാണ്. യഥാർഥ മുഅ്മിനിംകൾ സൃഷ്ടിപ്പുകളെപ്പറ്റി തിരിച്ചറിയുകയും ജഗത്ഘടനയെക്കുറിച്ച് മനസ്സിലാക്കുകയും ചെയ്യുമ്പോൾ ഭൗതികവാദികളെപ്പോലെ ഭൂമികളുടെ രൂപം ഇന്നതാണ്, അതിന്റെ വലിപ്പം ഇത്രയാണ്, അതിന്റെ ആകർഷണബലം ഇന്ന വിധമാണ്, സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളുമായി അതിന് ഇന്ന ബന്ധമുണ്ട് എന്നൊക്കെ പറയുന്നതിൽ മാത്രം ഒതുങ്ങാതെ, സൃഷ്ടിപ്പിന്റെ സമ്പൂർണതകൾ വെളിപ്പെടുകയും അതിന്റെ പ്രത്യേകതകൾ മനസ്സിലാക്കുകയും ചെയ്യുമ്പോൾ അതിനു പിന്നിലെ സ്രഷ്ടാവിലേക്ക് തിരിയുകയും തങ്ങളുടെ വിശ്വാസത്തെ ബലവത്താക്കുകയും ചെയ്യുന്നു........

മറ്റൊരു സ്ഥലത്ത് പറയുന്നു:

يُّؤْتِي الْحِكْمَةَ مَنْ يَّشَآءُ ۚ وَمَنْ يُّؤْتَ الْحِكْمَةَ فَقَدْ اُوْتِيَ خَيْرًا كَثِيْرًا

അല്ലാഹു താൻ ആഗ്രഹിക്കുന്നവർക്ക് ഹിക്മത്ത് നൽകുന്നു. ഹിക്മത്ത് നൽകപ്പെട്ടവർക്ക് നന്മയുടെ വലിയൊരംശം നൽകപ്പെട്ടിരിക്കുന്നു. ആയതിനാൽ ഈ ആയത്തുകളിൽ മുസ്‌ലീംകൾ, വിജ്ഞാനവും വിദ്യയും കരസ്ഥമാക്കാൻ ഊന്നിപ്പറഞ്ഞിരിക്കുന്നു.

ഹദീസിൽ പറയുന്നു: വിജ്ഞാനം ആർജിക്കേണ്ടത് ഓരോ മുസ്‌ലിം പുരുഷനും സ്ത്രീക്കും നിർബന്ധമാണ്.........

അവന്റെ ശക്തികളും യുക്തികളും എല്ലാ സ്ഥലത്തും എല്ലാ വസ്തുവിലും ഉണ്ട്. ഓരോ വസ്തുവിനോടൊപ്പവുമുള്ള അവന്റെ സംരക്ഷണം അവന്റെ പൊതു സൃഷ്ടിപ്പിനുള്ള സാക്ഷ്യമാണ്. അവന്റെ യുക്തി ഭദ്രമായ ശക്തികൾ അറ്റമില്ലാത്തതാണ്. അതിന്റെ ആഴങ്ങളോളം ചെല്ലാൻ ആർക്കു കഴിയും? അവന്റെ അതിശക്തമായ യുക്തികൾ വളരെ സൂക്ഷ്മമാണ്. അതിനെ വലയം ചെയ്യാൻ ആർക്കു കഴിയും? ഓരോ വസ്തുവിനകത്തും അവന്റെ ആസ്തിക്യത്തിനുള്ള തെളിവ് ഒളിഞ്ഞിരിക്കുന്നു. ഓരോ സൃഷ്ടിയും ആ പരിപൂർണ സ്രഷ്ടാവിലേക്ക് വഴി കാട്ടുന്നു.

യഥാർത്ഥത്തിൽ നിലനിൽക്കുന്ന ആ ഒരേ ഒരു റബ്ബുൽ ആലമീൻ തന്നെയാണ്. ബാക്കിയെല്ലാം അവനാൽ സൃഷ്ടിക്കപ്പെട്ടതും, അവന്റെ താങ്ങുള്ളതും അവന്റെ ശക്തികളുടെ കാലടിപ്പാടുകളുമാണ്. (സുർമ ചശ്മെ ആരിയ)

## യുക്തിജ്ഞാന നിർഝരി

വിശുദ്ധഖുർആൻ കൈമാറിവന്ന മാർഗ്ഗം നിർദ്ദോഷവും നിർബാധവുമാണെന്നു മാത്രമല്ല, അത് അതിന്റെ പരമാർത്ഥത തെളിയിക്കുന്നതിന് യുക്തിന്യായങ്ങൾ കാണിക്കുന്ന ഗ്രന്ഥം കൂടിയാണെന്നുള്ള വസ്തുത പ്രകൃതത്തിൽ അനുസ്മരണീയമാണ്. ആ സത്യവേദഗ്രന്ഥം അതിലെ സിദ്ധാന്തങ്ങളെയും വിശ്വാസപ്രമാണങ്ങളെയും നിയമവ്യവസ്ഥകളെയും ദൈവപ്രോക്തമാണെന്ന കാരണത്താൽമാത്രം സ്വീകരിച്ചുകൊള്ളുവാൻ നമ്മെ നിർബന്ധിക്കാതെ, ഓരോ സംഗതിക്കും യുക്തിയുക്തമായ തെളിവുകൾ ഉന്നയിക്കുന്നു. ഈ സംഗതിയിലാണ് വിശുദ്ധഖുർആൻ അതിലെ എല്ലാ തത്ത്വസിദ്ധാന്തങ്ങളും മനുഷ്യപ്രകൃതിയിൽ നിക്ഷിപ്തമായിട്ടുള്ളവയാണെന്ന് പറയുന്നത്. ഖുർആൻ പറയുകയാണ് **ഹാദാ ദിക്റുന്മുബാറകുൻ** ഈ അനുഗൃഹീതഗ്രന്ഥം നൂതനമായ യാതൊന്നും കൊണ്ടുവന്നിട്ടില്ല; എന്നാൽ, ഇത് മനുഷ്യപ്രകൃതിയിലും വിശ്വപ്രകൃതിയിലും അന്തർഭൂതമായ സംഗതികളെ ഓർമ്മിപ്പിക്കുന്ന ഒരു അനുസ്മാരകമാകുന്നു. (21:51) (ഇസ്‌ലാമീ ഉസൂൽകീ ഫിലാസഫി)



നബിവചനങ്ങളിലൂടെ

ഹദ്റത്ത് സയ്യിദ് സയ്നുൽ ആബിദീൻ വലിയുല്ലാഹ് ശാഹ് (റ)



# അൽ ഖുറൂജു ഫി ത്വലബിൽ ഇൽമി- അറിവ് തേടിയുള്ള യാത്ര

ഇമാം ബുഖാരി (റഹ്) യാത്രയെ സംബന്ധിച്ച് സ്ഥിരമായി ഈ അദ്ധ്യായമാണ് നൽകിയിട്ടുള്ളത്. ഇതുമായി ബന്ധപ്പെടുത്തിക്കൊണ്ട് ഹദ്റത്ത് മൂസാ(അ)ന്റെ യാത്രാസംഭവം തന്നെയാണ് വീണ്ടും കൊടുത്തിട്ടുള്ളത്. ഇതിൽ നിന്നും മുൻപ് ഇതിനെ പരാമർശിച്ചിട്ടുള്ളത് മറ്റൊരുദ്ദേശ്യത്തിലായിരുന്നു എന്ന് മനസ്സിലാകുന്നു. ഇവിടെ സഹാബിയായ ഹദ്റത്ത് ജാബിരിബ്നു അബ്ദുല്ലാഹ്(റ)ന്റെ യാത്രയാണ് പരാമർശിച്ചിരിക്കുന്നത്. ഒരു ഹദീസിനു വേണ്ടിയുള്ള അദ്ദേഹത്തിന്റെ ഒരു മാസയാത്ര, അറിവിന്റെ സൂക്ഷ്മാന്വേഷണത്തിന്നായി സഹാബാക്കളുടെ ഹൃദയങ്ങളിൽ ഉണ്ടായിരുന്ന അതിതൽപരതയെയാണ് സൂചിപ്പിക്കുന്നത്. അദ്ദേഹത്തിന് ഒരു വ്യക്തിയിൽ നിന്ന് ഒരു ഹദീസിനെ സംബന്ധിച്ചുള്ള അറിവ് ലഭിക്കുന്നു. ഹദ്റത്ത് അബ്ദുല്ലാഹിബ്നു ഉനൈസ് ജുഹ്നി(റ) ൽ നിന്നായിരുന്നു ആ വ്യക്തി ഹദീസ് ശ്രവിച്ചത്. ഹദ്റത്ത് ജാബിർ(റ) ഇതിൽ സന്തുഷ്ടനായില്ല, പ്രത്യുത ആ ഹദീസിന്റെ വിശ്വാസപ്രബലതയെ സംബന്ധിച്ച് കൂടുതൽ ദൃഢത ലഭിക്കുന്നതിന്നായി അദ്ദേഹം ഒരു മാസം നീണ്ട യാത്രയുടെ യാതനകൾ സഹിക്കുന്നു. ഹദീസിന്റെ പ്രബലതയെ സംബന്ധിച്ച് അവരിൽ എത്രമാത്രം സൂക്ഷ്മത ഉണ്ടായിരുന്നു എന്നതാണ് ഇത് വ്യക്തമാക്കിത്തരുന്നത്. ഹദ്റത്ത് മുആവിയ(റ)ന്റെ കാലഘട്ടത്തിലേതാണ് ഈ സംഭവം. അന്ന് അദ്ദേഹം സിറിയയിലായിരുന്നു. ഹദ്റത്ത് അബ്ദുല്ലാഹിബ്നു ഉനൈസ് ഹിജ്രി 54 ലാണ് വഫാത്തായത്. ഉഖ്ബയിൽ വെച്ച് ബൈഅത്ത് ചെയ്ത 70 അൻസാറുകളിൽ പെട്ട ഒരു വ്യക്തിയായിരുന്നു അദ്ദേഹം.(ഉംദത്തുൽ ഖാരി, ഭാഗം 2, പേജ് 73)

ഇമാം ഇബ്നുഹജർ പരാമർശിക്കുന്നത് ഹദ്റത്ത് അബൂഅയ്യൂബ് അൻസാരിയുടേയും സഅദിബ്നു മുസയ്യബിന്റേയും യാത്രയാണ്. ഏതുവരെ ഞങ്ങൾ സ്വഹാബത്തിന്റെ നാവിൽ നിന്നും കേൾക്കുന്നില്ലയോ ഒരിക്കലും ഒരു കാര്യത്തിലും സംതൃപ്തരാകില്ല എന്ന അബുൽ ആലിയയുടെ വാക്കും രേഖപ്പെടുത്തിയിരിക്കുന്നു. (ഫത്തഹുൽ ബാരി ഭാഗം ഒന്ന്, പേജ് 230)

സ്വഹാബാക്കളേയും താബിഈംകളേയും പോലെ ഇമാം ബുഖാരി (റഹ്)യും ഓരോ ഹദീസിനുവേണ്ടിയും വളരെ നീണ്ട യാത്രകൾ ചെയ്തിട്ടുണ്ട്.


لَآ اَبۡرَحُ حَتّٰۤى اَبۡلُغَ مَجۡمَعَ الۡبَحۡرَيۡنِ اَوۡ اَمۡضِىَ حُقُبًا

(അൽ കഹ്ഫ്,61) രണ്ട് സമുദ്രങ്ങളുടേയും സംഗമസ്ഥാനത്ത് എത്തുന്നതുവരെ നൂറ്റാണ്ടുകളോളം ഞാൻ സഞ്ചരിച്ചുകൊണ്ടേയിരിക്കുന്നതാണ് എന്ന മൂസാ(അ) വചനത്തിൽ നിന്ന് അദ്ദേഹത്തിന്റെ ധീരതയെ സംബന്ധിച്ചുള്ള അറിവ് ലഭിക്കുന്നു. രണ്ട് സമുദ്രങ്ങളുടെ സംഗമസ്ഥാനം എന്നതുകൊണ്ടുള്ള ഉദ്ദേശ്യം പിന്നീട് വരുന്നതാണ്. അറിവിനു വേണ്ടുന്ന അക്ഷീണമായ ധൈര്യത്തിലേക്കും പരിശ്രമങ്ങളിലേക്കും ശ്രദ്ധ ക്ഷണിക്കുന്നതിനായിട്ടാണ് ഈ അദ്ധ്യായം കൊടുത്തിട്ടുള്ളത്.

അറിവിന്റെ സമ്പാദനത്തേയും അന്വേഷണത്തേയും സംബന്ധിച്ച് ഇത് പതിനഞ്ചാമത്തെ മര്യാദയാണ് പഠിപ്പിച്ചിരിക്കുന്നത്. ഇമാം ബുഖാരി (റഹ്)യും ഹദീസിന്റെ പ്രബലതയെ പരിപൂർണ്ണതയിൽ എത്തിക്കുന്നതിന്നായി നീണ്ട നീണ്ട യാത്രകളുടെ ബുദ്ധിമുട്ടുകൾ സഹിച്ചിട്ടുണ്ട്.

(സഹീഹുൽ ബുഖാരി, വാല്യം 1, പേജ് 152)

വിവ: ടി.എം. അബ്ദുൽ മുജീബ്, തമ്മനം.




## ഓരോ വിജ്ഞാനശാഖയും പഠിക്കുക

**ഹദ്റത്ത് ഹാഫിസ് നാസിർ അഹ്മദ്(റഹ്)**

ഭൗതികവിജ്ഞാനങ്ങളുടെ ഓരോ മേഖലയേയും ഘടകത്തേയും പറ്റി അറിവ് നേടേണ്ടത് അനിവാര്യമാണ്. കാരണം നിങ്ങൾ വിശ്വസിക്കുന്നെങ്കിൽ ദൈവസത്തയെ അറിയാൻ ആഗ്രഹിക്കുന്നുവെങ്കിൽ, ഇക്കാര്യങ്ങൾ അറിയാതെ കണ്ട് നിങ്ങൾക്ക് ദൈവസത്തയെ ശരിയായി തിരിച്ചറിയാൻ സാധ്യമേ അല്ല.

ഓരോ വിജ്ഞാനത്തിന്റെയും അതിസൂക്ഷ്മ വശങ്ങളിലേക്കും ആഴത്തിലേക്കും എല്ലാവർക്കും പോകാൻ കഴിഞ്ഞെന്ന് വരില്ല. പക്ഷേ, അതിന്റെ ഉള്ളിൽ പ്രവർത്തിക്കുന്ന അടിസ്ഥാന തത്വങ്ങൾ നാം മനസിലാക്കേണ്ടിയിരിക്കുന്നു. അങ്ങനെ ദൈവിക മഹത്വത്തിന്റെയും പ്രതാപത്തിന്റെയും നിഴൽ നമുക്ക് മേൽ പതിക്കാനും വഴുതിപ്പോകുന്നതിൽ നിന്ന് രക്ഷപ്പെടാനും സാധിക്കുന്നതാണ്.

ദൈവത്തിന്റെ ഹസ്തങ്ങളാൽ സൃഷ്ടിക്കപ്പെട്ട ഓരോ വസ്തുവും വിശുദ്ധ ഖുർആന്റെ ഭാഷയിൽ ദൃഷ്ടാന്തമാണ്, അടയാളമാണ്. ഇത് ദൈവത്തിന്റെ സത്തയിലേക്കും ഗുണവിശേഷങ്ങളിലേക്കുമുള്ള ചൂണ്ടുപലകയാണ്. (ബദ്ർ 29.03.1979)




## അഹ്ലുദ്ദിക്ർ

**ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്)**

ഉലുൽ അൽബാബ് തങ്ങളുടെ ചിന്തകളെ ദൈവസ്മരണക്ക് വിധേയമാക്കുന്നവരാണ്. പ്രപഞ്ചത്തെ വ്യർഥമാണെന്ന് കരുതി, ആസൂത്രണങ്ങൾ ചെയ്യുന്നവൻ മനുഷ്യകുലത്തിന്റെ നാശഹേതുവായിത്തീരും. ദൈവസ്മരണ ഇല്ലാത്തവരേയും ചിന്തകരെന്ന് പറയാമെങ്കിലും, ഉലുൽ അൽബാബ് എന്ന് പറയാൻ പറ്റില്ല. ആദ്യകാല മുസ്ലിംകൾ ദീനുള്ള ശാസ്ത്രജ്ഞന്മാരായിരുന്നു. നവോത്ഥാനത്തിന് ശേഷം അവർ ദൈവസ്മരണയെ കയ്യൊഴിഞ്ഞു.

നാം എല്ലാ ശാസ്ത്രജ്ഞാനത്തേയും ദൈവത്തിലേക്ക് തിരിക്കണം. വിശുദ്ധ ഖുർആൻ ദിക്റ് (പ്രബോധനം, സ്മരണ) ആണ്. വിശുദ്ധ ഖുർആൻ ഇല്ലാതെ നമുക്ക് എങ്ങിനെ അഹ്ലുദ്ദിക്റ് ആകാൻ കഴിയും? വിശുദ്ധ ഖുർആനിലെ ദൈവിക ശക്തി പ്രഭാവത്തെ പറ്റിയുള്ള ആയത്തുകളിൽ പര്യാലോചന നടത്തുക. സത്യത്തിന്റെ വിരൽ കാണുന്നിടത്തേക്ക് നീങ്ങുക. വിശുദ്ധ ഖുർആനും പ്രപഞ്ചവും തമ്മിൽ വൈരുദ്ധ്യമില്ല.

( ദർസ് MTA 25/2/1995 ക്രോഡീകരണം: ഡോ. സാലിഹ് മുഹമ്മദ് അല്ലാഹ്ദീൻ )



നാഴികക്കല്ലുകൾ

# വൈജ്ഞാനിക കാൽവെപ്പുകൾ

## അലിഗഢ് മുസ്‌ലിം യൂണിവേഴ്സിറ്റിക്ക് അഹ്മദികളുടെ സാമ്പത്തിക സഹായം

നവാബ് ഫതഹ് അലിഖാൻ, ലാഹോറിൽ നിന്ന്, ഹദ്റത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ)നോട്, അലിഗഢ് മുസ്‌ലിം യൂണിവേഴ്സിറ്റിയുടെ നിർമാണത്തിൽ സാമ്പത്തികമായി ഹുസൂറും, ജമാഅത്തും ഭാഗഭാക്കാകണമെന്ന് ആവശ്യപ്പെടുകയുണ്ടായി.

അതിന് മറുപടി നൽകികൊണ്ട് ഹുസൂർ എഴുതി: മുകർറം മുഅദ്ദം ജനാബ് നവാബ് സാഹിബ്,

അസ്സലാമു അലൈക്കും വ റഹ്മത്തുല്ലാഹി വബറക്കാത്തുഹു

നേരത്തെ താങ്കൾക്ക് എഴുതിയതുപോലെ തന്നെ, എനിക്ക് മുസ്‌ലിം യൂണിവേഴ്സിറ്റിയെ കുറിച്ചുള്ള അഭിപ്രായത്തോട് അനുഭാവമുണ്ട്. ഈ ഫണ്ടിൽ ഞാൻ ഇൻശാ അല്ലാഹ് ആയിരം രൂപ നൽകുന്നതാണ്. എന്റെ ജമാഅത്തിലുള്ളവർ ഇതിൽ ഭാഗഭാക്കാകാൻ ഞാനൊരു വിളംബരം പ്രസിദ്ധീകരിച്ചിട്ടുണ്ട്. അത് ഇതോടൊപ്പം വെക്കുന്നു. വസ്സലാം, നൂറുദ്ദീൻ.




## മുഹമ്മദൻ യൂണിവേഴ്സിറ്റിയെ കുറിച്ച് ഒരു സുപ്രധാന വിളംബരം

ഇപ്പോൾ ഇന്ത്യയിൽ ഒരു ഇസ്‌ലാമീ സർവകലാശാല സ്ഥാപിക്കുന്നതിനെ പറ്റി ഒരു ആഹ്വാനമുണ്ടായിരിക്കുന്നു. നമുക്കും ഇതിൽ സാമ്പത്തികമായി ഭാഗഭാക്കാകാമോ എന്ന് പലരും ചോദിക്കുന്നു. അതുകൊണ്ട് ഈ ജമാഅത്തിലെ എല്ലാവരുടെയും അറിവിലേക്കായി വിളംബരപ്പെടുത്തുകയാണ്, നമ്മുടെ ജമാഅത്തിന്റെ സവിശേഷമായ ഒരുപാട് ആവശ്യങ്ങൾ ഉണ്ടെങ്കിലും, സാമ്പത്തികമായി ഏറെ ഭാരമുണ്ടെങ്കിലും, സർവകലാശാല സംബന്ധിച്ച വിളംബരം ഒരു നന്മയിലേക്കുള്ള ആഹ്വാനമായതുകൊണ്ട് നമ്മുടെ സഹോദരങ്ങളും ഇതിൽ ഭാഗഭാക്കാകണമെന്ന് നാം നിർബന്ധമായും കരുതുന്നു. മനസാ വാചാ കർമണാ അതിനെ സഹായിക്കേണ്ടതാണ്. (ബദ്ർ 9.3.1911)

ഈ വിളംബരത്തെ തുടർന്ന് ജമാഅത്ത് വകയായും ആയിരം രൂപ സംഭാവന നൽകുകയുണ്ടായി.

## ഹ.ഖലീഫത്തുൽമസീഹിന്റെ അനുമോദനം

ഡോ.സലാമിന് 1979-ൽ നോബൽ പ്രൈസ് കിട്ടിയപ്പോൾ ഹ. ഖലീഫത്തുൽ മസീഹ് സാലിസ് (റഹ്) അദ്ദേഹത്തിന് കമ്പിസന്ദേശം അയച്ചു.




ഹുസൂർ പറഞ്ഞു: എല്ലാ സ്തുതികളും അല്ലാഹുവിനാകുന്നു. എന്റേയും, അഹ്മദിയ്യാ ജമാഅത്തിന്റേയും, ഹൃദയംഗമമായ ആശംസകൾ സ്വീകരിച്ചാലും.... ഈ സമ്മാനം നേടുന്ന ആദ്യത്തെ മുസ്‌ലിം ശാസ്ത്രജ്ഞനും പാക്കിസ്ഥാനിയും ഒരു അഹ്മദിയാണെന്നതിൽ, അഹ്മദിയ്യത്തിനും പാക്കിസ്ഥാനികൾക്കും അഭിമാനമുണ്ട്. അല്ലാഹു ഭാവിയിലും താങ്കൾക്ക് തന്റെ പിന്തുണയും സഹായവും നൽകുമാറാകട്ടെ. ആമീൻ

(അൽഫദ്ൽ 17.10.1979)

## തഅ്ലീമുൽ ഇസ്‌ലാം മദ്റസ


1898-ൽ ഹ.മസീഹ് മൗഊദ്(അ) ഖാദിയാനിൽ തഅ്ലീമുൽ ഇസ്‌ലാം മദ്റസ ആരംഭിച്ചു. ആദ്യം പ്രൈമറി സ്കൂൾ ആയിരുന്നു. 1900-ൽ ഹൈസ്കൂൾ ആയി ഉയർത്തി. 1903-ൽ തന്നെ കോളേജ് ആക്കുകയുണ്ടായി. പിന്നെ തഅ്ലീമുൽ ഇസ്‌ലാം കോളേജ് എന്നായിരുന്നു പേര്. ഇന്ത്യാ വിഭജനത്തെ തുടർന്ന് ഈ കോളേജ് സിക്കുകാരുടെ കൈവശത്തിലായി. ഇപ്പോൾ ഖാദിയാനിൽ സിഖ് നാഷണൽ കോളേജ് എന്നാണ് അറിയപ്പെടുന്നത്. തുടർന്ന് ഹ. മുസ്‌ലിഹ് മൗഊദ് ലാഹോറിൽ തഅ്ലീമുൽ ഇസ്‌ലാം കോളേജ് ആരംഭിച്ചു. 1954-ൽ ഇത് റബ്വയിലേക്ക് മാറ്റി. റബ്വയിൽ തഅ്ലീമുൽ ഇസ്‌ലാം ഹൈസ്കൂൾ ആരംഭിച്ചു. പെൺകുട്ടികൾക്ക് നുസ്റത്ത് കോളേജും പ്രൈമറി സ്കൂളും തുടങ്ങി.



## ജാമിഅ അഹ്മദിയ്യാ

1906 ജനുവരിയിൽ ഹ. മസീഹ് മൗഊദ്(അ) സ്കൂളിൽ ദീനീവിഷയങ്ങളും ആരംഭിച്ചു. 1909-ൽ ഹ. ഖലീഫത്തുൽ മസീഹ് അവ്വൽ(റ) ഇതിനെ പ്രത്യേക മദ്റസ അഹ്മദിയ്യാ എന്നാക്കി. 1928-ൽ ഹ. ഖലീഫത്തുൽ മസീഹ് സാനി (റ) അതിനെ ജാമിഅ ആയി ഉയർത്തി. വിഭജനത്തിനുശേഷം റബ്വയിലും ജാമിഅ ആരംഭിച്ചു.

ജാമിഅ ഖാദിയാൻ



## വിവിധ രാഷ്ട്രങ്ങളിൽ

ഹ. ഖലീഫത്തുൽ മസീഹ് സാലിസ്(റഹ്) ഇന്തോനേഷ്യ, ഘാന, നൈജീരിയ എന്നിവിടങ്ങളിൽ ജാമിഅ ആരംഭിച്ചു. ഹ. ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) തൻസാനിയ, കെനിയ, ബംഗ്ലാദേശ്, കാനഡ എന്നിവിടങ്ങളിലും, ഹ.ഖലീഫത്തുൽ മസീഹ് ഖാമിസ്(അയ്യദഹുല്ലാഹ്) മലേഷ്യ, യു.കെ, സിറാലിയോൺ, ശ്രീലങ്ക, ജർമനി എന്നിവിടങ്ങളിലും ജാമിഅ ആരംഭിച്ചു. ഘാനയിൽ ഒരു അന്തർദേശീയ ജാമിഅ ആരംഭിക്കാനുള്ള ശ്രമങ്ങൾ നടന്നുവരുന്നു.



ജാമിഅ കാനഡ



ജാമിഅ യു.കെ



അഹ്മദിയ്യാ സെക്കൻഡറി സ്കൂൾ ഘാന

# ദൈവാസ്തികൃത്തിനുള്ള ജീവൽ തെളിവുകൾ

**(പ്രത്യേക അഭിമുഖത്തിൽ നിന്ന്)**

പ്രതിനിധി: **ഹുസൂർ, കുട്ടിക്കാലത്ത് അല്ലാഹുവിന്റെ അസ്തിത്വത്തിനുള്ള ജീവൽതെളിവുകൾ സംബന്ധിച്ച് അങ്ങയുടെ സംഭവങ്ങളും, ആത്മീയ അനുഭവങ്ങളും അറിയാൻ ആഗ്രഹമുണ്ട്?**

ഹുസൂർ: കുട്ടിക്കാലത്തേയും, ആദ്യകാലത്തേയും ഒരുപാട് സംഭവങ്ങളുണ്ട്. അതിലൊരു സംഭവം 15 വയസ് ഉള്ളപ്പോൾ ഉണ്ടായതാണ്. ആ പ്രായത്തിലാണ് പത്താംക്ലാസ് പരീക്ഷ -മെട്രിക് എന്ന് പറയാറുണ്ട്- നടക്കുക. ഇപ്പോഴും അങ്ങിനെ തന്നെ. സെക്കന്ററി ബോർഡ് പരീക്ഷയുടെ ആദ്യ അനുഭവമാണ്. മുമ്പൊക്കെ സ്കൂളിൽ പരീക്ഷ ഉണ്ടാവുമെങ്കിലും മെട്രികിന് ബോർഡിന്റെ പരീക്ഷക്കിരിക്കേണ്ടിവരുന്നു. ഈ പരീക്ഷയിലെ എന്റെ Maths (ഗണിതം) പേപ്പർ വളരെ മോശമായി. പ്രത്യക്ഷത്തിൽ ആ വർഷം മെട്രിക് പരീക്ഷ വിജയിക്കാനുള്ള ഒരു പ്രതീക്ഷയും ഇല്ലായിരുന്നു. അതിനുള്ള പോംവഴി അല്ലാഹുവിന് മുന്നിൽ കുനിയുക മാത്രമേ ഉണ്ടായിരുന്നുള്ളു. അതുകൊണ്ട് തന്നെ റിസൽട്ട് വരും വരെ മൂന്ന് മാസക്കാലം ഞാൻ ഒരുപാട് ദുഃആ ചെയ്തു. അതെനിക്ക് ഒരു തരം ജീവൻ മരണ പ്രശ്നമായിരുന്നു. അവസാനം റിസൽട്ട് വന്നപ്പോൾ ഞാൻ പരീക്ഷയിൽ പാസായിരുന്നു. എനിക്ക് അതിൽ സന്തോഷത്തോടൊപ്പം, പത്ത് ശതമാനം പോലും പ്രതീക്ഷ ഇല്ലായിരുന്ന Maths ന്റെ പരീക്ഷയിൽ എങ്ങിനെയാണ് ഞാൻ വിജയിച്ചത് എന്നത് എന്നെ ഏറെ അത്ഭുതപ്പെടുത്തിയിരുന്നു. എനിക്കതിൽ ഇ ഗ്രേഡ് ലഭിച്ചു. പിന്നീടാണ് അറിഞ്ഞത്, ആ വർഷം മാത്സ് പരീക്ഷ വളരെ പ്രയാസമായിരുന്നതിനാൽ കുട്ടികൾ അതേക്കുറിച്ച് ശബ്ദമുയർത്തുകയും, തുടർന്ന് ബോർഡ്, ഗ്രേഡ് മാർക്ക് കൊടുക്കാനോ, ഉത്തരക്കടലാസുകളിൽ മാർക്കിടുമ്പോൾ ഉദാരത കാണിക്കാനോ പറഞ്ഞുവെന്ന് .

ഞാൻ മനസിലാക്കുന്നത്, ദുഃആകളുടെ ഫലം എനിക്കും കിട്ടി, എന്നെക്കൂടാതെ മറ്റ് വിദ്യാർഥികൾക്കും അതിന്റെ പ്രയോജനം ലഭിച്ചു.

പ്രതിനിധി: **ഹുസൂർ, ഹദ്റത് മസീഹ് മൗഊദ് (അ)ന്റെ കുടുംബാംഗം എന്ന നിലയിൽ താങ്കളുടെ പരിപാലനത്തിലും തർബിയ്യത്തിലും എത്ര മാത്രം സ്വാധീനം ചെലുത്തിയിട്ടുണ്ട്?**

ഹുസൂർ: ഞാൻ കരുതുന്നത്, എന്റെ പരിപാലനത്തിലും തർബിയ്യത്തിലും കുടുംബത്തിലെ മറ്റ് അംഗങ്ങളെ അപേക്ഷിച്ച് എന്റെ കുടുംബത്തിന്റെ ചെയ്തികളും, പ്രഭാവങ്ങളുമാണ് കൂടുതലായിട്ടുള്ളതെന്നാണ്. നേരത്തെ പറഞ്ഞതുപോലെ, ഞങ്ങളുടെ വീട്ടിലെ അന്തരീക്ഷം ഏറെ ദീനീപരവും, ചിട്ടയുള്ളതും, അച്ചടക്കത്തിൽ വളരെ കൃത്യനിഷ്ഠതയുള്ളതുമായ ചുറ്റുപാടായിരുന്നു. അതുകൊണ്ട് തന്നെ വീട്ടിലെ ആർക്കും ഇസ്ലാമിന്റെ അടിസ്ഥാന ബോധനങ്ങളിൽനിന്ന് അങ്ങോട്ടോ ഇങ്ങോട്ടോ ആകാൻ കഴിഞ്ഞിരുന്നില്ല. ഞാൻ ഓർക്കുന്നു, എന്റെ ഉപ്പ, ഫജ്ർ നമസ്കാരത്തിന്വേണ്ടി എന്നെ എഴുന്നേൽപിക്കുമായിരുന്നു. ഞാൻ ഗാഢനിദ്രയിലാണെങ്കിൽ മുഖത്ത് വെള്ളം തെളിക്കുമായിരുന്നു. അങ്ങിനെ എനിക്ക് ഗാഢനിദ്രയിൽ നിന്ന് ഉണരാൻ കഴിഞ്ഞിരുന്നു. ഫജ്ർനുശേഷം എന്നോടും സഹോദരനോടും വ്യായാമം ചെയ്യാൻ പറഞ്ഞിരുന്നു. അദ്ദേഹം സ്വയം വ്യായാമം ചെയ്തിരുന്നു. ഞങ്ങൾ അദ്ദേഹത്തെ Follow ചെയ്യും. ചുരുക്കത്തിൽ ചെറുപ്രായത്തിൽ തന്നെ അച്ചടക്കവും ചിട്ടയായതുമായ ജീവിതമായിരുന്നു.



പ്രതിനിധി: **ഹുസൂർ, അങ്ങ് നേരത്തെ, ഹദ്റത് ഖലീഫത്തുൽ മസീഹ് സാനി (റ)നെ കുറിച്ച് പരാമർശിച്ചിരുന്നു; മനുഷ്യജീവിതത്തിൽ ഒരു റോൾ മോഡലിന്റെ പ്രഭാവം ഉണ്ടാകാറുണ്ട് ഈ ചെറുപ്രായത്തിൽ, വ്യക്തിപരമായി ഏറ്റവും അധികം അങ്ങയിൽ ആരുടെ Influence ആയിരുന്നു?**

ഹുസൂർ: ഒന്ന് ഖിലാഫത്തുമായുള്ള ബന്ധം. അതിനുശേഷം എന്റെ മാമനുമായുള്ളത്. ചെറുപ്രായം മുതൽ 16,17 വയസുവരെ മഗ്രിബ്നു ശേഷം വീട്ടിൽ നിന്ന് പുറത്ത് പോകാൻ ഞങ്ങൾക്ക് അനുവാദം ഇല്ലായിരുന്നു. ഞങ്ങളുടെ ചുറ്റുപാടും അയൽക്കാരുണ്ടായിരുന്നു. വീടുകൾക്കിടയിൽ വാതിലുകൾ തുറന്നിരുന്നു. (ഞങ്ങൾക്കുള്ള നിർദ്ദേശം) ഇശാക്ക് ശേഷം ഉടനെ വീട്ടിൽ എത്തണമെന്നും ചുറ്റുവട്ടത്തുള്ള വീടുകളിൽ പോകരുതെന്നുമായിരുന്നു. കോളേജ് കാലം വരെയും ഇതു തന്നെയായിരുന്നു. (കുട്ടികൾ രാത്രിയിൽ അലഞ്ഞുതിരിയുമ്പോഴാണ് കേടുവരുന്നത്) ഞാനോർക്കുകയാണ്, FSC ക്ക് പഠിച്ചു കൊണ്ടിരുന്ന എന്റെ സഹോദരൻ കോളേജ് യൂണിയൻ ഇലക്ഷനായിരുന്നതിനാൽ ഒരു ദിവസം ഉച്ചക്ക് വീട്ടിൽ വന്നില്ല. ഞങ്ങളുടെ ഉപ്പ കരുതിയത് വല്ല പ്രാക്ടിക്കലും ഉണ്ടാകുമെന്നാണ് (അക്കാലത്ത് ഉച്ചനേരത്ത് പ്രാക്ടിക്കൽ ഉണ്ടാകുമായിരുന്നു. അത് വൈകുന്നേരം വരെ തുടർന്നിരുന്നു).

മഗ്രിബ് കഴിഞ്ഞിട്ടും കാണാതായപ്പോൾ ഉപ്പ കോളേജിലേക്ക് ഫോൺ ചെയ്തു. കോളേജിലെ ഇലക്ഷൻ കാംപയിനിൽ ആയിരുന്നുവെന്നും അന്ന് എന്തോ പ്ലാൻ ഉണ്ടാക്കുകയായിരുന്നുവെന്നും അറിഞ്ഞു. അങ്ങിനെ സഹോദരൻ വീട്ടിലെത്തിയപ്പോൾ ഉപ്പ പറഞ്ഞു, ഇത് ശരിയല്ല, എന്താണെങ്കിലും അതൊക്കെ മഗ്രിബിന് മുമ്പ് ചെയ്യണം. മഗ്രിബിന് ശേഷം ഒരു കോളേജും വേണ്ട. ഇതൊക്കെയാണ് കാര്യങ്ങൾ, ബുദ്ധിയുണ്ടെങ്കിൽ മറ്റുള്ളവരെ കണ്ട് കൊണ്ട് പഠിക്കാൻ കഴിയും.

പ്രതിനിധി: **സ്വഹാബാക്കളെക്കുറിച്ച് ഹുസൂറിനുള്ള ഓർമകൾ**

ഹുസൂർ: ഹദ്റത് രാജകി സാഹിബിന്റടുത്ത് ഞാൻ പോയിരുന്നു. അദ്ദേഹത്തെ കണ്ടിട്ടുണ്ട്. അദ്ദേഹം അണ്ടർഗ്രൗണ്ടിൽ ഒരു മുറിയുണ്ടാക്കിയിരുന്നു. അവിടെയിരുന്ന് ദുഃആ ചെയ്യുമായിരുന്നു. ആരെങ്കിലും വന്നാൽ കൈ ഉയർത്തി ദുഃആ ചെയ്യും. ഞാനും ദുഃആയിൽ ഉൾപ്പെട്ടിട്ടുണ്ട്. ഹദ്റത് മൗലാനാ മുഹമ്മദ് ഇബ്റാഹീം ബഖാപൂരി സാഹിബ്, അധികവും ഉപ്പയുടെ അടുത്ത് വന്നിരുന്നു. അക്കാലത്ത് മസ്ജിദ് മുബാറക്കിലാണ് ജുമുഅ നമസ്കരിച്ചിരുന്നത്.

മസ്ജിദ് അഖ്സ ഉണ്ടാക്കിയിരുന്നില്ല. അദ്ദേഹത്തോടൊപ്പം ഇരിക്കുമായിരുന്നു. എനിക്ക് 7/8 വയസുള്ളപ്പോഴാണ് അദ്ദേഹം വഫാത്തായത്. മൗലവി ഖുദ്റത്തുല്ലാഹ് സന്നൗരി സാഹിബ് (റ) അദ്ദേഹം ഇടക്കിടെ വരുമായിരുന്നു. അദ്ദേഹം ഹ.ഖലീഫത്തുൽ മസീഹ് സാനി(റ)ന്റെ സിന്ധിലുള്ള ഫാമിലാണ് താമസിച്ചിരുന്നത്. ഒരിക്കൽ ഹുസൂർ(റ) സിന്ധിൽ പര്യടനത്തിന് പോയി. പരുത്തികൃഷിയുടെ കാലമാണെന്ന് തോന്നുന്നു. ഹുസൂർ ചോദിച്ചു: എത്ര വിളവുണ്ടാകും? അദ്ദേഹം (ഒരു കണക്ക്) പറഞ്ഞു. ഇത്രയുണ്ടാകും. ഹദ്റത് മിർസാ ബശീർ അഹ്മദ് സാഹിബും(റ), അബ്ദുർറഹീം ദർദ് സാഹിബും(റ), മൗലവി സാഹിബിന് മനസിലാകേണ്ട എന്നു കരുതിയായിരിക്കും. പരസ്പരം ഇംഗ്ലീഷിൽ പറഞ്ഞു അത്രയുണ്ടാവില്ലെന്ന്. മൗലവി സാഹിബിന് അറിയാമായിരുന്നു. അദ്ദേഹം പറഞ്ഞു: മിയാൻസാഹിബ്, അത്ര തന്നെ വിളവുണ്ടാകും. കാരണം ഞാൻ ഈ ഫാമിന്റെ ഓരോ മൂലയിലും രണ്ട് റക്അത്ത് നഫൽ അനുഷ്ഠിച്ചിട്ടുണ്ട്. അതുകൊണ്ട് അത്രയും തന്നെ ഉണ്ടാകുമെന്ന കാര്യത്തിൽ എനിക്ക് ദുഃആയിൽ ഉറപ്പുണ്ട്. പിന്നെ അങ്ങനെ തന്നെ സംഭവിക്കുകയും ചെയ്തു. പഴയകാല മഹാത്മാക്കൾക്ക് ദുഃആയിൽ ദൃഢവിശ്വാസമുണ്ടായിരുന്നു. അവർ ദുഃആ കൊണ്ട് ഒരുപാട് കാര്യങ്ങൾ ചെയ്തിരുന്നു.

പ്രതിനിധി: **ഹുസൂർ, അങ്ങ് ഒരു വിദ്യാർഥി എന്ന നിലയിൽ എങ്ങനെയായിരുന്നു?**

(തുടരും)

**8.2.2008, സമ്പാ: അബൂഅത്തിയ**

# ഇനി മുജദ്ദിദുമാർ വരില്ല

നബി(സ) പറയുന്നു:

**കയ്ഫ തഹ്‌ലികു ഉമ്മത്തുൻ അന അവ്വലുഹാ വ ഇസ്നാ അശ്റ മിൻ ബഅ്ദീ മിനസ്സുഅദാഇ വ ഉലിൽ അൽബാബി വൽ മസീഹ് ബ്നു മർയമ ആഖിറുഹാ**

ഞാൻ ആദ്യത്തിലും, എനിക്ക് ശേഷം പന്ത്രണ്ട് സച്ചരിതരും, ബുദ്ധിമാൻമാരുമായ വ്യക്തികളും, അവസാനത്തിൽ ഇബ്നുമർയമും ഉള്ള ഉമ്മത്ത് എങ്ങിനെ നശിക്കാനാണ്?

(അക്മാലുദ്ദീൻ പേജ്: 157)

മറ്റൊരു നിവേദനത്തിൽ പറയുന്നു:

**കയ്ഫ തഹ്‌ലികു ഉമ്മത്തുൻ അനാ ഫീ അവ്വലിഹാ വ ഇസ്നാ അശ്റ ഖലീഫത്തൻ മിൻ ബഅ്ദീ വൽ മസീഹ്ബ്നുമർയമ ഫീ ആഖിരിഹാ**

ഞാൻ ആദ്യത്തിലും പന്ത്രണ്ട് ഖലീഫമാർ എന്റെ ശേഷവും മസീഹ്ബ്നുമർയമം അവസാനത്തിലും ഉള്ള സമുദായം എങ്ങിനെ നശിച്ചുപോകാനാണ്?

(ഫസ്‌ലുൽ ഖിത്താബ്, ഭാഗം: 2, പേജ്: 41, ഇമാം അഹ്മദ്ബ്നു ഹസൻ)

**12 നൂറ്റാണ്ടുകളിലെ മുജദ്ദിദുമാർക്ക് ശേഷം 13-ാം നൂറ്റാണ്ടിൽ തന്റെ നിയോഗത്തെ പരാമർശിച്ചുകൊണ്ട് ഹദ്റത് മസീഹ് മൗഊദ് (അ) പറയുന്നു**

ഒന്ന് മൂസവീ ശരീഅത്താണ്, രണ്ടാമത്തേത് മുഹമ്മദിയ്യാ ശരീഅത്തും. ഈ രണ്ട് ശൃംഖലയിലും 13, 13 ഖലീഫമാരാണ് നിശ്ചയിക്കപ്പെട്ടിരിക്കുന്നത്. മുഹമ്മദിയ്യാ ശരീഅത്തിന്റെ അവസാന കണ്ണി താനാണെന്ന് പ്രഖ്യാപിച്ചുകൊണ്ട് ഹദ്റത് അഹ്മദ് (അ) പറയുന്നു: "അതുപോലെ തന്നെ മുഹമ്മദിയ്യാ ശൃംഖലയിലെ അവസാന ഖലീഫ മസീഹ് മൗഊദ് എന്ന പേരിലാണ് അറിയപ്പെടുന്നത്. മൂസവീ ശൃംഖലയിലെ അവസാന ഖലീഫയായ ഹദ്റത് ഈസബ്നുമർയമുമായി സാദൃശ്യമുണ്ട്." ( തുഹ്ഫയെ ഗോൾഡവിയ്യ)

**മസീഹ് മൗഊദ് നബിയായിരിക്കുമെന്ന് നബി (സ) വ്യക്തമാക്കിയതാണ്** (മുസ്‌ലിം) **– അതുകൊണ്ട് തന്നെ നബി(സ) മുഹമ്മദിയ്യാ ഉമ്മത്തിന്റെ അവസാനഘട്ടത്തെപ്പറ്റി പറഞ്ഞത്, സുമ്മ തകൂനു ഖിലാഫത്തുൽ അലാ മിൻഹാജിന്നുബുവ്വ: (നുബുവ്വത്തിന്റെ മാർഗത്തിൽ വീണ്ടും ഖിലാഫത്ത് ഉണ്ടാകുന്നതാണ്) എന്നാണ്.**

**ഹ. മസീഹ് മൗഊദ്(അ) പറയുന്നു:**

അല്ലാഹു ഈ ഉമ്മത്തിന് ശാശ്വതമായ ഖിലാഫത്തിനെപറ്റി വ്യക്തമായ വാഗ്ദാനം നൽകിയിരിക്കുന്നു. ഖിലാഫത്ത് ശാശ്വതമല്ലെങ്കിൽ മൂസായീ ശരീഅത്തിലെ ഖലീഫമാരോട് സാദൃശ്യം പറഞ്ഞതിന് എന്തർഥമാണുള്ളത്? ............. ആരും ശാശ്വതമായി ജീവിക്കുന്നില്ല. അതുകൊണ്ട് തന്നെ അല്ലാഹു, ലോകത്തിലെ സർവമനുഷ്യരേക്കാളും ശ്രേഷ്ഠതയും പ്രാധാന്യവുമുള്ള പ്രവാചകന്മാരുടെ വ്യക്തിത്വം പ്രതിച്ഛായയെന്നോണം ലോകത്ത് നിലനിർത്താൻ ആഗ്രഹിക്കുന്നു. ലോകം ഒരു കാലത്തും രിസാലത്തിന്റെ അനുഗ്രഹത്തിൽ നിന്ന് നഷ്ടപ്പെട്ട വരാകാതിരിക്കാൻ അല്ലാഹു ഖിലാഫത്ത് സംവിധാനം വെച്ചിരിക്കുന്നു.......... വലഖദ് കത്തബ്നാ ഫീ സ്സബൂരി മിൻബഅ്ദി ദിക്റി അന്നൽ അർള യരിസുഹാ ഇബാദിയസ്സാലിഹൂൻ. ഈ ആയത്ത് വ്യക്തമായും ഉറക്കെപ്പറയുന്നത്, ഇസ്‌ലാമിക ഖിലാഫത്ത് ശാശ്വതമാണെന്നാണ്, കാരണം യരിസുഹാ എന്ന പദം തുടർച്ചക്ക് വേണ്ടിയുള്ളതാണ്.

(ശഹാദത്തുൽ ഖുർആൻ)

**ഹ: ഖലീഫത്തുൽ മസീഹ് സാലിസ് (റഹ്) പറയുന്നു:**

ഖിലാഫത്ത് സംവിധാനം സ്ഥിരപ്പെടാത്ത കാലഘട്ടത്തിലായിരുന്നു മുജദ്ദിദ്മാരുടെ ആവശ്യം. മുജദ്ദിദുമാർ വരുമെന്ന് പറഞ്ഞിടത്ത് തന്നെ, അല്ലാഹു വാഗ്ദത്ത മഹ്ദീ മസീഹ് മുഖേന നുബുവ്വത്തിന്റെ മാർഗത്തിൽ ഖിലാഫത്ത് സ്ഥാപിക്കുമെന്നും വ്യക്തമാക്കിയിരിക്കുന്നു. ഈ ശൃംഖല ഖിയാമത്ത് വരെ തുടരുന്നതാണ്. ഖിലാഫത്തുൻ അലാ മിൻഹാജിന്നുബുവ്വ: സ്ഥാപിക്കപ്പെട്ടതിനുശേഷം വേറെ ഏതെങ്കിലും **മുജദ്ദിദിന്റെ ആവശ്യം തന്നെ ബാക്കിയായിട്ടില്ലെന്ന് നല്ലപോലെ മനസിലാക്കേണ്ടിയിരിക്കുന്നു. ഇനി നവീകരണവും ദീനിന്റെ പുനരുജ്ജീവനവും ഖിയാമത്ത് വരെ ഇൻശാ അല്ലാ മസീഹ് മൗഊദിന്റെ ഖലീഫമാരിലൂടെ തുടരുന്നതാണ്.** അവർ ഹദ്റത് മസീഹ് മൗഊദ്(അ) ന്റെ പ്രതിബിംബങ്ങൾ ആയിരിക്കും. (1977 ജൽസാസാലാനാ ഖാദിയാൻ - ലേക്ക് അയച്ച സന്ദേശം)




# ദൈവിക സംവിധാനങ്ങൾ

ഇന്തോനേഷ്യയിൽ നീണ്ട 18 വർഷത്തെ സേവനത്തിനുശേഷം ഹദ്റത് മൗലാനാ സയ്യിദ് മുഹമ്മദ് ശാഹ് സാഹിബ് റബ്‌വയിലേക്ക് തിരിച്ചുവരുമ്പോൾ ഉണ്ടായ ഒരു അനുഭവം വിവരിക്കുന്നു. ഞാൻ തുടർച്ചയായി 18 വർഷം ഇന്തോനേഷ്യയിൽ പ്രവർത്തിച്ചിട്ടുണ്ട്. ഒരിക്കലും ഒരു ആവശ്യവുമായും ആർക്കു മുന്നിലും കൈനീട്ടിയിട്ടില്ല. എന്റെ എല്ലാ ആവശ്യത്തിനും ദൈവിക കവാടത്തിൽമാത്രമേ മുട്ടിയിട്ടുള്ളു. അവൻ എന്റെ ആവശ്യങ്ങൾ പൂർത്തീകരിച്ചുതന്നിരുന്നു. നീണ്ട 18 വർഷത്തിനുശേഷം തിരിച്ചുവരാനുള്ള തീരുമാനങ്ങൾ അറിഞ്ഞപ്പോൾ എനിക്ക് എന്തെന്നില്ലാത്ത ഒരു സന്തോഷം അനുഭവപ്പെട്ടു.

ഞാൻ കപ്പലിൽ പാക്കിസ്ഥാനിലേക്ക് പുറപ്പെട്ടു. എന്റെ പക്കൽ ഒരു പഴയ കുർത്തയും, ഒന്ന് രണ്ട് ജോഡി വസ്ത്രമേ ഉണ്ടായിരുന്നുള്ളു. യാത്രക്കിടയിൽ ഒരു ദിവസം ഞാൻ ചിന്തിച്ചു, ഞാൻ ഒരു നീണ്ടകാലത്തിന്ശേഷം മാതൃദേശത്തേക്ക് പോവുകയാണ്. എന്റെ കയ്യിലാകട്ടെ റബ്‌വ റെയിൽവേസ്റ്റേഷനിൽ ഇറങ്ങുമ്പോൾ ധരിക്കാൻ പുതുവസ്ത്രങ്ങൾ പോലുമില്ല. ഈ ചിന്തകളിൽ ഞാൻ ദുഃആയിൽ മുഴുകി. പക്ഷേ ഇത്തരം ചിന്തകൾ ശരിയല്ലെന്നും അത് വഖ്ഫിന്റെ ആത്മാവിനെതിരാണെന്നും എനിക്ക് ചിന്തയുണ്ടായി. ഒരുപാട് തൗബയും ഇസ്തിഗ്ഫാറും ചെയ്തുകൊണ്ടിരുന്നു.

കുറച്ചുദിവസങ്ങൾക്കുശേഷം കപ്പൽ സിങ്കപ്പൂരിൽ നങ്കൂരമിട്ടു. ഞാൻ കപ്പലിൽനിന്ന് പുറംകാഴ്ചകൾ കാണുകയായിരുന്നു. ഒരാൾ ഒരു പെട്ടിയുമായി കപ്പലിൽ കയറുന്നത് കാണാനിടയായി. അയാൾ എന്നെ അന്വേഷിക്കുകയായിരുന്നു. കപ്പിത്താൻ അയാളെ എന്റെ അടുക്കലെത്തിച്ചു. അയാൾ എന്നെ ആലിംഗനം ചെയ്തുകൊണ്ട് പറഞ്ഞു, ഞാനും ഒരു അഹ്മദിയാണ്. തുന്നൽപ്പണിയാണ് ചെയ്യുന്നത്. താങ്കൾ ഈ കപ്പലിൽ പാക്കിസ്ഥാനിലേക്ക് പോകുന്നുവെന്ന് അൽഫദ്‌ലിൽ വായിച്ചിരുന്നു. കപ്പൽ സിങ്കപ്പൂരിൽ നങ്കൂരമിടുന്നുവെന്നറിഞ്ഞപ്പോൾ, താങ്കൾക്ക് എന്തെങ്കിലും ഉപഹാരം നൽകണമെന്ന് ആഗ്രഹമുണ്ടായി. ഞാൻ താങ്കളുടെ ഫോട്ടോ കണ്ടിട്ടുണ്ട്. അതിൽ നിന്ന് ഏകദേശ വലുപ്പം കണക്കാക്കി താങ്കൾക്ക് രണ്ട് ജോഡി വസ്ത്രങ്ങളും ഷേർവാനിയും പകടിയും കൊണ്ടുവന്നിട്ടുണ്ട്. ഞാൻ ഒരു തയ്യൽക്കാരനാണ്. ഇത് മാത്രമേ എനിക്ക് സമർപ്പിക്കാൻ കഴിയൂ. താങ്കൾ ഇത് സ്വീകരിക്കണം.

മൗലാനാ ശാഹ് സാഹിബ് പറയുകയാണ്, എന്റെ കണ്ണുകൾ ഈറനണിഞ്ഞു. എന്റെ റബ്ബ് എന്റെ ഒരു നിസ്സാര ആഗ്രഹം പൂർത്തിയാക്കാൻ എന്നെ കണ്ടിട്ടുപോലുമില്ലാത്ത ഒരു അഹ്മദിയുടെ ഹൃദയത്തിൽ ആവേശമുണ്ടാക്കിയിരിക്കുന്നു.

ദഅ്വത്തെ ഇലല്ലാഹ് ചെയ്യുന്നവർ, ദൈവിക സവിധത്തിൽ കുമ്പിടുകയും, ആർക്ക്മുന്നിലും കൈനീട്ടാതിരിക്കുകയും ചെയ്താൽ അല്ലാഹു അദൃശ്യത്തിൽ നിന്ന് സഹായങ്ങൾ ഒരുക്കുന്നതാണ്.

(അവ: A MEMOIR, പേജ്: 389, 390, സമ്പാ: എ. നാസിർ)

വീക്ഷണവിശേഷം

ഒബ്സർവർ

# ദീപസ്തംഭം മഹാശ്ചര്യം!

തിരുനബി(സ)ന്റെതെന്ന പേരിൽ ഒരു മുടി സംഘടിപ്പിച്ച എ.പി. വിഭാഗം സുന്നികൾ അതിനു വേണ്ടി നാൽപത് കോടിയുടെ പള്ളി പണിയാനുള്ള തത്രപ്പാടിലാണ്.

വിശുദ്ധ ഖുർആനിലോ തിരുനബിചര്യയിലോ മുടി സൂക്ഷിക്കാൻ മസ്ജിദ് നിർമിച്ചതായി കാണാനേ സാധ്യമല്ല. മറിച്ച് ഏക ദൈവാരാധനക്കും, ദൈവസ്മരണക്കും വേണ്ടിയായിരിക്കണം മസ്ജിദുകളെന്ന് തിരുഖുർആനും, തിരുനബിയും വ്യക്തമായും ഉപദേശിച്ചിട്ടുമുണ്ട്.

നബി(സ)ന്റെ മുടി തിരുസ്വഹാബാക്കൾക്ക് ആധികാരികമായി അനായേസ സംഘടിപ്പിക്കാമായിരുന്നു. അക്കാലത്ത് തന്നെ അത് സംരക്ഷിക്കാൻ ഉത്തമകേന്ദ്രങ്ങളും നിർമിക്കാമായിരുന്നു. പക്ഷേ അവരാരും ആ സാഹസത്തിന് മുതിർന്നില്ല. കാരണം - നബി(സ) പറഞ്ഞത്, യഹൂദ നസാറാക്കൾ അവരുടെ പ്രവാചകന്മാരുടെ മഖ്ബറകൾ മസ്ജിദുകൾ ആക്കിയതുകൊണ്ട് ശപിക്കപ്പെട്ടിരിക്കുന്നുവെന്നാണ്. പക്ഷേ ഇന്നത്തെ മുസ്ലിംകൾ യഹൂദ നസാറാക്കളെ ചാണിനു ചാണായും മുഴത്തിനു മുഴമായും പിന്തുടർന്ന്, അല്ല അല്പംകൂടി കടന്ന്, തിരുശേഷിപ്പുകളെന്ന പേരിൽ മുടിക്കും നഖത്തിനുമൊക്കെ മസ്ജിദ് ഉണ്ടാക്കാനും, അതേകുറിച്ച് വിശദീകരിക്കാനും, അങ്ങിനെ സമൂഹ മധ്യത്തിൽ ഇളിഭ്യരാകാനും പെടാപ്പാട് പെടുകയാണ്!

മഹ്ദി ഇമാമിന്റെ കാലത്ത്, ജനനിബിഢങ്ങളായ കൂറ്റൻ എടുപ്പുകൾ മസ്ജിദുകളായിട്ടുണ്ടാവുമെങ്കിലും അവ ഭക്തിശൂന്യമായിരിക്കുമെന്ന നബി വചനത്തിന്റെ നിറപുലർച്ചക്ക് മാറ്റ് കൂട്ടാനുള്ള വ്യഗ്രതയായി മാത്രമേ ശഅ്റേ മുബാറക് മസ്ജിദിനെ ഞങ്ങൾ കാണുന്നുള്ളൂ. അധ്യാപനങ്ങളും അനുഷ്ഠാനങ്ങളും വാണിജ്യവൽക്കരിക്കപ്പെടുന്ന വർത്തമാന കാലത്ത് കേശത്തിന്റെ പേരിലെങ്കിലും നാല് കാശ് ഉണ്ടാക്കാനുള്ള ഉസ്താദിന്റെ ആശയെ അനുയായികളെങ്കിലും നിരാശപ്പെടുത്തില്ലെന്ന് പ്രത്യാശിക്കാം! അതൊക്കെയല്ലേ ഇന്നത്തെ മുസ്ലിം ലോകത്തിന്റെ പ്രധാന അചണ്ഡ! അതിന്റെ പേരിൽ വാദങ്ങളും, പ്രതിവാദങ്ങളുമായി രംഗം കൊഴുക്കുമ്പോൾ അത്യാവശ്യം പബ്ലിസിറ്റിയും കിട്ടും. പിന്നെ സമസ്ത കേരളയുടെ അഖിലേന്ത്യാ സെക്രട്ടറിക്കും സഖാഫികൾക്കും ആനന്ദലബ്ധിക്കിനി എന്തുവേണം.

*അതേ, ദീപസ്തംഭം മഹാശ്ചര്യം നമുക്കും കിട്ടണം പണം!*

### ഗുട്ടൻസ്

പണ്ട് സഊദിയുടെ ഫൈസൽ രാജാവടക്കമുള്ളവർ 'ഇത്തരം തിരുശേഷിപ്പുകൾ' സ്വന്തമാക്കി, ഖിലാഫത്ത് കുപ്പായമിടാനും അത് സുഭദ്രമാക്കാനും ശ്രമിച്ചിരുന്നുവത്രെ!


## യഥാർഥജ്ഞാനം

**ഹദ്റത് അലി(റ) പറയുന്നു:**

പരിപൂർണമായ ജ്ഞാനം, ജനങ്ങളെ ദൈവീകാനുഗ്രഹങ്ങളെക്കൊള്ളെ നിരാശരാക്കുകയോ, തിന്മകൾക്ക് ഒഴികഴിവ് നൽകുകയോ, ദൈവികശിക്ഷയെകുറിച്ച് ഭയമില്ലാതാക്കുകയോ വിശുദ്ധ ഖുർആനിൽനിന്ന് ജനങ്ങളെ വിമുഖരാക്കുകയോ ഇല്ല.

ഇബാദത്തിൽ ബോധ്യമില്ലാത്തിടത്തോളം അതിൽ അനുഗ്രഹവും ലഭിക്കുകയില്ല. നല്ലപോലെ മനസിലാക്കാത്ത അറിവ് യഥാർഥത്തിൽ അറിവെന്ന് പറയപ്പെടാനോ പരിചിന്തനം നടത്തപ്പെടാത്തതൊന്നും പഠിക്കുക എന്ന് പറയപ്പെടാനോ സാധ്യമല്ല.

(താരീഖുൽ ഖുലഫാഅ്)



# വ്യായാമത്തിന്റെ ഗുണങ്ങൾ

ആരോഗ്യം

**- മുസ്ലിഹ് മൗഊദ്(റ) -**

വ്യായാമം ചെയ്യുന്ന ശീലം, മനുഷ്യന്റെ ശരീരത്തിൽ ആവേശവും ഉൻമേഷവും ഉണ്ടാകുന്നതിന്നും, അവന്റെ അവയവങ്ങൾ ദൃഢമായി തീരുന്നതിനും ധൈര്യം വർദ്ധിക്കുന്നതിനും വേണ്ടിയാണ്. വ്യായാമത്തിലൂടെ വിയർപ്പ് ഉണ്ടാവുകയും അതിലൂടെ അനേകം അനാരോഗ്യഘടകങ്ങൾ ദുരീകരിക്കപ്പെടുകയും ചെയ്യുന്നു. അതുകൊണ്ട് വ്യായാമത്തെ അവഗണിച്ച് കൊണ്ട് കുട്ടിയെ പൂർണ്ണമായ നിലയിൽ ബുദ്ധിപരമായ കാര്യങ്ങളിൽ ഏർപ്പെടുത്തുകയെന്നത് കുട്ടിയുടെ ബുദ്ധിശക്തിയെ ബലഹീനമാക്കാൻ കാരണമായിതീരുന്നതാണ്. കുട്ടിക്കാലത്ത് ഓട്ടവും ചാട്ടവും മനുഷ്യപ്രകൃതിയിൽ വെക്കാനുള്ള കാരണം അവന്റെ ശാരീരിക ശക്തി വർദ്ധിപ്പിക്കുന്നതിന് വേണ്ടിയാണ്. അതുകൊണ്ടാണ് റസൂൽ തിരുമേനി പറഞ്ഞത് അസ്സിബിയ്യു സിബ്യുൻ വലന കാന നബിയ്യൻ





കുട്ടി കുട്ടി തന്നെയാണ്.അഥവാ ഭാവിയിൽ അവൻ നബിയാകുന്നവനാണെങ്കിലും ശരി. അതായത് കുറച്ച് കാലങ്ങൾക്ക് ശേഷം അവൻ നബിയായി തീരും, എന്നാൽ കുട്ടിക്കാലത്ത് അവന്റെ ആഗ്രഹങ്ങൾ കുട്ടിക്കാലത്തിന് യോജിച്ചതായിരിക്കും. അവൻ കളിക്കുകയും ഓടുകയും ചാടുകയും ചെയ്യും. സാധാരണയായി കുട്ടികൾ കടന്ന് പോകുന്ന എല്ലാ അവസ്ഥയിലൂടെയും അവൻ കടന്ന് പോകുകയും ചെയ്യും. അതായത് കുട്ടിക്കാലത്ത് കുട്ടികൾക്ക് നിർബന്ധമാക്കപ്പെട്ടിട്ടുള്ള പ്രത്യേകതകളിലൂടെ എല്ലാ കുട്ടികളും അഥവാ അവൻ വലുതാകുമ്പോൾ നബിയാകുന്നവനാണെങ്കിലും ശരി കടന്ന് പോകുന്നതാണ്. അവന്റെ ഈ അവസ്ഥ അവന്റെ ഭാവി ജീവിതത്തിൽ ഏതെങ്കിലും വിധത്തിൽ ആക്ഷേപം ഉന്നയിക്കാൻ കാരണമായിരിക്കുകയില്ല. അതുകൊണ്ട് ഈ പ്രായത്തിൽ വ്യായാമത്തിലൂടെ കുട്ടികളുടെ ശിക്ഷണം നടത്തേണ്ടത് വളരെ നിർബന്ധമുള്ള കാര്യമാണ്. കുട്ടിയെ പരിപൂർണ്ണമായും ബുദ്ധിപരമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുത്തുകയെന്നത് വളരെ വലിയ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുകയും ഈ പ്രായത്തിൽ അവരുടെ യഥാർത്ഥത്തിലുള്ള വിജയത്തിനുള്ള മാർഗ്ഗം അവരെ കളികൾ പഠിപ്പിക്കുകയെന്നതാണ്.







**മശ്അലെ രാഹ് , വിവ : സുൽത്താൻ നസീർ, എറണാകുളം**

## വിദ്യാസമ്പാദനം

ഹ. മൗലാനാ ഹകീം നൂറുദ്ദീൻ സാഹിബ്, (ഖലീഫത്തുൽ മസീഹ് അവ്വൽ) വിദ്യാസമ്പാദനാർഥം യാത്രപുറപ്പെട്ടപ്പോൾ, ഉണ്ടായ ഒരു അനുഭവം വിവരിക്കുന്നു:



അല്ലാഹു എന്റെ പിതാവിനുമേൽ കാരുണ്യം വർഷിക്കുമാറാകട്ടെ. ഞാൻ വിജ്ഞാന സമ്പാദനാർഥം പുറംദേശത്തേക്ക് പോകാൻ ഒരുങ്ങിയപ്പോൾ അദ്ദേഹം എന്നോട് പറഞ്ഞു: നീ ഒരുപാട് ദൂരെ പോയി പഠിക്കണം. ഞങ്ങളിൽ ആരെങ്കിലും മരിച്ചോ ജീവിച്ചിരിപ്പുണ്ടോ എന്നതൊന്നും നിന്നെ ബാധിക്കരുത്. (ഹയാതെ നൂർ, പേജ്: 13)

എന്റെ പിതാവ് വളരെ ധൈര്യശാലിയായിരുന്നു. അദ്ദേഹം ഇക്കാലഘട്ടത്തിൽ ഉണ്ടായിരുന്നെങ്കിൽ എന്നെ അമേരിക്കയിലും അയക്കുമായിരുന്നു. (ഹയാതെ നൂർ, പേജ്: 2)

വനിതാരംഗം

## ഈദിന് മകളുടെ ജനാസ!

ഹദ്റത് ചൗധരി മുഖ്താർ അയാസ് സാഹിബിന്റെ പത്നി ഹദ്റത് സ്വാലിഹ അയാസ് സാഹിബ മർഹൂമയെപറ്റി അവരുടെ മകൻ ഡോ. ഇഫ്തിഖാർ അഹ്മദ് അയാസ് (മുൻ അമീർ യു.കെ) സാഹിബിന്റെ ഭാര്യ അമത്തുൽ ബാസിത് അയാസ് സാഹിബ എഴുതുന്നു:

............. ആഫ്രിക്കയിലെ ഒരു പട്ടണമായ 'ടാങ്ക' യിൽ മസ്ജിദ് ഉണ്ടായിരുന്നില്ല. വീട്ടിലെ വലിയ മുറി ജമാഅത്തീ ആവശ്യങ്ങൾക്കായി ഇരുവരും മാറ്റിവെച്ചിരുന്നു. അവിടെയാണ് അഹ്മദികൾ നമസ്കരിക്കാൻ വന്നിരുന്നത്. ജുമുആക്കും, ഈദിനും സ്ത്രീകൾ എത്തുമ്പോൾ അവർക്ക് വേണ്ടി ബെഡ്റൂമും കാലിയാക്കുമായിരുന്നു. മാത്രമല്ല വീട്ടിൽ എത്തുന്നവർക്ക് ഭക്ഷണത്തിനും മറ്റും ഏർപ്പാടും ചെയ്തിരുന്നു.


ഒരിക്കൽ ഈദ് ദിവസമായിരുന്നു. അന്ന് ദൈവാഭീഷ്ടം മറ്റൊന്നായിരുന്നു. അവരുടെ ചെറിയ മകൾ മുബാറക മരണപ്പെട്ടു. ഉപ്പ, ഉമ്മയോട് പറഞ്ഞു, ഈ മകൾ, അല്ലാഹുവിന് പ്രിയംകരിയായിരിക്കുന്നു. പക്ഷേ നമ്മൾ സഹനവും ദൈവവിധിയിൽ സംതൃപ്തരുമായിരിക്കണം. നാളെ ഈദാണ് രാവിലെ തന്നെ അഹ്മദികൾ എത്തും. സാധാരണത്തേതുപോലെ നമ്മളും പുതുവസ്ത്രങ്ങൾ ധരിക്കുകയും, ഭക്ഷണവും, സേമിയയും, മധുരപലഹാരങ്ങളും തയ്യാറാക്കണം. നമ്മൾ ദുഃഖത്തിലാണെന്ന് ആരേ യും അറിയിക്കരുത്. നീ ഈ മുറിയുടെ വാതിൽ അടക്കണം. ആരെങ്കിലും ചോദിച്ചാൽ, കുട്ടി സുഖമായി ഉറങ്ങുകയാണെന്നും അതുകൊണ്ട് മുറി പൂട്ടിയതാണെന്നും പറയണം.

അങ്ങനെ എല്ലാവരും സന്തോഷത്തോടെ തിരിച്ച് പോയതിനുശേഷം നമുക്ക് കുട്ടിയെ കുളിപ്പിച്ച്, ആ ദൈവിക സൂക്ഷിപ്പു മുതലിനെ നമുക്ക് തിരിച്ച് കൊടുക്കാം.... ഇതുപറയുമ്പോൾ ഉമ്മ കരയുകയായിരുന്നു. അവർ പറഞ്ഞു, ആ സംഭവം എനിക്ക് ഇന്നും മറക്കാൻ കഴിയുന്നില്ല. എല്ലാവരും ചിരിച്ച് ഉല്ലസിച്ച് ഭക്ഷണം കഴിക്കുമ്പോൾ എന്റെ ഹൃദയം നുറുങ്ങുകയായിരുന്നു. എന്റെ ഭംഗിയുള്ള, സുന്ദരിയായ മകളുടെ ജനാസ അകത്തിരിക്കുന്നു പക്ഷേ ഞാൻ ഏറെ സബ്റോടെയാണ് കാര്യങ്ങൾ ചെയ്തത്.

(നശേമൻ പേജ്: 233,234 സമ്പാ: എ. നാസിർ)

# പരിശുദ്ധ കലിമ നെഞ്ചോട് ചേർത്ത്.........

എറ്റവും നല്ല ജിഹാദ് ക്രൂരനായ ഭരണാധികാരിക്ക് മുമ്പിൽ സത്യം പറയുക എന്നതാണ്. (തിർമിദി, കിത്താബുൽ ഫിത്തൻ ബാബ് അഫ്സലുൽ ജിഹാദ്)



ഒരു കുപ്രസിദ്ധനായ പാക്കിസ്ഥാൻ പട്ടാള സ്വേച്ഛാധിപതി 1984 ൽ ഒരു കിരാതനിയമം മുഖേന അഹ്മദികൾക്ക് ഇസ്‌ലാമിക ചിഹ്നങ്ങൾ പ്രകടിപ്പിക്കുന്നതിനുള്ള സ്വാതന്ത്ര്യം നിരോധിക്കുകയുണ്ടായി. ഇതിനെ തുടർന്ന് അഹ്മദികൾ ഇസ്‌ലാമിക മത വിശ്വാസത്തോടുള്ള അവരുടെ ആത്മബന്ധവും, അർപ്പണ മനോഭാവവും പ്രകടിപ്പിച്ചത്, പരിശുദ്ധ കലിമ തങ്ങളുടെ നെഞ്ചിലും വീട്ടിലും പ്രദർശിപ്പിച്ചുകൊണ്ടായിരുന്നു. ഈ കുറ്റത്തിന് ഒരുപാട് അഹ്മദികൾ അന്ന് അറസ്റ്റ് ചെയ്യപ്പെടുകയുണ്ടായി. ഈ നിയമ പ്രഖ്യാപനത്തിന് തൊട്ട് പിന്നാലെ കിരാതനിയമം നടപ്പിൽ വരുത്തിയ പാക്കിസ്ഥാൻ പ്രസിഡന്റ് ജനറൽ സിയാവുൽ ഹഖ്, പാക്കിസ്ഥാന്റെ ആദ്യത്തെ വിദേശകാര്യമന്ത്രിയും, ലോകകോടതി ജഡ്ജിയും, യു.എൻ.ജനറൽ അസംബ്ലി പ്രസിഡണ്ടും ആയിരുന്ന ചൗധരി സർ മുഹമ്മദ് സഫറുല്ലാ ഖാൻ സാഹിബിനെ കാണാൻ വരികയുണ്ടായി. ചൗധരി സർ മുഹമ്മദ് സഫറുല്ലാ ഖാൻ സാഹിബ് അന്ന് രോഗബാധിതനായി തന്റെ സഹോദരിപുത്രനും, മരുമകനും,അന്നത്തെ ലാഹോർ ജമാഅത്ത് അമീറുമായിരുന്ന ചൗധരി ഹമീദ് നസ്റുല്ലാ സാഹിബിന്റെ വീട്ടിൽ വിശ്രമിക്കുകയായിരുന്നു. ജനറൽ സിയാവുൽ ഹഖ്, ചൗധരി സർ മുഹമ്മദ് സഫറുല്ലാ ഖാൻ സാഹിബിനെ സന്ദർശിക്കാൻ വരുന്നുണ്ടെന്ന് അറിഞ്ഞപ്പോൾ, അമീർ സാഹിബും ലാഹോർ ജമാഅത്ത് അംഗങ്ങളും വീടിന്റെ പ്രവേശനകവാടം മുതൽ എല്ലാ ചുമരിലും പരിശുദ്ധ കലിമ തികച്ചും നിർഭയമായി എഴുതി പ്രദർശിപ്പിക്കുകയുണ്ടായി. ഇതു കൂടാതെ ചൗധരി സർ മുഹമ്മദ് സഫറുല്ലാ ഖാൻ സാഹിബ് ഉൾപ്പെടെ അവിടെ ഉണ്ടായിരുന്ന ഓരോ അഹ്മദിയും, നെഞ്ചിൽ, പരിശുദ്ധ കലിമ എഴുതിയ സ്റ്റിക്കർ പതിപ്പിക്കുകയുണ്ടായി. ജനറൽ സിയാവുൽ ഹഖിന്റെ കൂടെ പഞ്ചാബ് ഗവർണർ മാലിക്ക് ഗുലാം ജീലാനിയും ഉണ്ടായിരുന്നു. ഇവർ അവിടെ പതിപ്പിച്ചിരുന്ന പരിശുദ്ധ കലിമയുടെ സ്റ്റിക്കറുകൾ കണ്ടിട്ടും അതിനെതിരിൽ ഒരക്ഷരവും പറഞ്ഞില്ല. എന്നാൽ ജനറൽ സിയാവുൽ ഹഖിന്റെ പ്രൈവറ്റ് സെക്രട്ടറി, എന്തിനാണ് പരിശുദ്ധ കലിമ ഇവിടെയെല്ലാം പതിപ്പിച്ചിരിക്കുന്നതെന്ന് അഹ്മദികളിൽ ഒരാളോട് ചോദിച്ചു, അദ്ദേഹം ധൈര്യപൂർവ്വം ഇപ്രകാരം മറുപടി പറഞ്ഞു, പരിശുദ്ധകലിമയും ഞങ്ങളുമായുള്ള ബന്ധം ആരു വിചാരിച്ചാലും തകർക്കാൻ സാധ്യമല്ലയെന്ന് നിങ്ങളുടെ പ്രസിഡന്റിനെ ബോധ്യപ്പെടുത്താനാണ് ഞങ്ങൾ ഇങ്ങനെ ചെയ്തത്. ഈ കുറ്റത്തിന് വേണ്ടി ഞങ്ങൾ അറസ്റ്റ് വരിക്കാനും തയ്യാറാണ്. അപ്രതീക്ഷിതമായ ഈ പ്രതികരണം കേട്ട് പ്രൈവറ്റ് സെക്രട്ടറി മറുപടി ഒന്നും പറയാതെ തിരിച്ചുപോയി.





ചൗധരി ഹമീദ് നസ്റുല്ലാ

യഥാർത്ഥ ജിഹാദിന്റെ പ്രവർത്തന മാതൃകയും, ഇസ്‌ലാമിക വിശ്വാസാദർശങ്ങളോടുള്ള ആത്മാർത്ഥതയും, സ്നേഹവും,അർപ്പണ മനോഭാവവുമാണ് ചൗധരി സർ മുഹമ്മദ് സഫറുല്ലാ ഖാൻ സാഹിബും ലാഹോർ ജമാഅത്ത് അംഗങ്ങളും അന്ന് പ്രകടിപ്പിച്ചത്. ക്രൂരനായ ഭരണാധികാരിക്കു മുമ്പിൽ സത്യം ബോധ്യപ്പെടുത്താൻ ആയുധത്തിന്റെ ആവശ്യമില്ല. എറ്റവും നല്ല ജിഹാദ് ക്രൂരനായ ഭരണാധികാരിക്ക് മുമ്പിൽ സത്യം പറയുക എന്നതാണ്, എന്ന തിരുനബി (സ) യുടെ ഉപദേശത്തിന്റെ കർമ്മരൂപത്തിലുള്ള വ്യാഖ്യാനമാണിത്.

(അവ: അഹ്മദിയ്യാ ഗസറ്റ് കാനഡ)
സമ്പാ: ഹസീബ് അഹ്മദ് വാഴക്കാല

നമുക്ക് താരതമ്യം ചെയ്യാം.

# ആർക്കാണ് അറിവില്ലാത്തത്?

أَمْ حَسِبْتُمْ أَنْ تَدْخُلُوا الْجَنَّةَ وَلَمَّا يَعْلَمِ اللَّهُ الَّذِينَ جَاهَدُوا مِنْكُمْ وَيَعْلَمَ الصَّابِرِينَ (3.143)

### സർ സയ്യിദ് അഹ്മദ്ഖാൻ:

നിങ്ങൾ സ്വർഗത്തിൽ പോകുമെന്ന് കരുതിയോ, **അല്ലാഹുവിന് ഇതുവരേയും നിങ്ങളിൽ ജിഹാദ് ചെയ്യുന്നവരെ അറിഞ്ഞിട്ടില്ല.** സബ്ർ ചെയ്യുന്നവരെയും (ഇതുവരെയും അറിഞ്ഞിട്ടില്ല)

### അമാനി മൗലവി:

അതല്ല - നിങ്ങൾ സ്വർഗത്തിൽ പ്രവേശിക്കുമെന്ന് നിങ്ങൾ വിചാരിച്ചുവോ? **നിങ്ങളിൽ നിന്നും സമരം ചെയ്തവരെ അല്ലാഹു (വേർതിരിച്ച്) അറിയുകയും ക്ഷമാലുക്കളെ (വേർതിരിച്ച്) അറിയുകയും ചെയ്തിട്ടില്ലാതിരിക്കെ!** (വിശുദ്ധ ഖുർആൻ വിവരണം ഭാഗം: 1, പേജ്: 566, KNM പ്രസിദ്ധീകരണം നാലാം പതിപ്പ് 2000)

### മൗലാനാ മൗദൂദി:

അല്ലാഹുവിന്റെ മാർഗത്തിലുള്ള സമരത്തിൽ ജീവാർപ്പണം ചെയ്യുന്നവരാരെന്നും അവനുവേണ്ടി ക്ഷമിക്കുന്നവരാരെന്നും **അല്ലാഹു ഇനിയും കണ്ടുകഴിഞ്ഞിട്ടില്ലെന്നിരിക്കെ,** എളുപ്പത്തിൽ നിങ്ങൾക്ക് സ്വർഗത്തിൽ പോയ്ക്കളയാമെന്ന് വിചാരിക്കുകയാണോ? (ഖുർആൻ ഭാഷ്യം, പേജ്: 89, IPH പ്രസിദ്ധീകരണം ഏഴാം പതിപ്പ് 2010)

### അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത്:

**നിങ്ങളിൽ നിന്ന് (അല്ലാഹുവിന്റെ മാർഗത്തിൽ) കഠിനാധ്വാനം ചെയ്യുന്നവരേയും (അവന്റെ മാർഗത്തിൽ) സ്ഥിരചിത്തരായി നിൽക്കുന്നവരെയും അവൻ വേർതിരിച്ചു വെളിപ്പെടുത്തുന്നതുവരെ നിങ്ങൾ സ്വർഗത്തിൽ പ്രവേശിക്കുമെന്ന് ധരിക്കുന്നുണ്ടോ? (വിശുദ്ധ ഖുർആൻ മലയാള പരിഭാഷ)**

## പുണ്യാത്മാക്കൾ

## ഹ: മിർസാ ശരീഫ് അഹ്മദ്(റ)

- ജനനം: 24/05/1895
- ഹദ്റത് മസീഹ് മൗഊദ്(അ)ന്റെ ചെറിയ മകനായിരുന്നു.
- ഹുസൂർ(അ)ന് ഇദ്ദേഹത്തെകുറിച്ച് നിരവധി ഇൽഹാമുകൾ ഉണ്ടായിട്ടുണ്ട്.

അമ്മറല്ലാഹു അലാ ഖിലാഫിത്തവക്കുഇ (അല്ലാഹു അദ്ദേഹത്തിന് പ്രതീക്ഷിക്കുന്നതിനും വിപരീതമായി ആയുസ് നൽകും.)
അമ്മറല്ലാഹു അലാ ഖിലാഫിതവക്കുഇ (അല്ലാഹു അദ്ദേഹത്തെ പ്രതീക്ഷിക്കുന്നതിന് വിപരീതമായി കൈകാര്യകർത്താവാക്കും)
മുറാദുക്ക ഹാസിലുൻ
(നിന്റെ ഉദ്ദേശ്യങ്ങൾ ലഭിക്കുന്നതാണ്)
തുടർന്ന് ഹദ്റത് മസീഹ് മൗഊദ്(അ) പറഞ്ഞു:
ശരീഫ് അഹ്മദിനെ സ്വപ്നത്തിൽ കണ്ടു. പകടി ധരിച്ചിരിക്കുന്നു. രണ്ട് ആളുകൾ അടുത്ത് നിൽക്കുന്നുണ്ട്. ഒരാൾ ശരീഫ് അഹ്മദിനെ ചൂണ്ടിക്കൊണ്ട് പറഞ്ഞു: ആ രാജാവ് വന്നിരിക്കുന്നു. രണ്ടാമത്തെയാൾ പറഞ്ഞു: ഇപ്പോൾ ഇയാൾ ഖാളി ആകാനുണ്ട്.
ഒരിക്കൽ കശ്ഫിൽ ഹുസൂർ(അ) ഹ. മിർസാ ശരീഫ് അഹ്മദ് സാഹിബിനെ കുറിച്ച് പറഞ്ഞു: ഇനി നീ നമ്മുടെ സ്ഥലത്ത് ഇരിക്ക്, നാം പോവുകയാണ്.

- സ്ഥാനങ്ങൾ:
- ഹ. മുസ്‌ലിഹ് മൗഊദ്(റ) ദൈവിക അടയാളങ്ങൾ (ഖാദിയാനിലേയും പരിസരത്തേയും ഹ. മസീഹ് മൗഊദ്(അ)ന്റെ സാന്നിധ്യമുണ്ടായിരുന്ന) സംരക്ഷിക്കുന്നതിന് വേണ്ടി ഉണ്ടാക്കിയ വകുപ്പിന്റെ നാസിർ ആയി നിയമിച്ചു.
- തുടർന്ന് നാസിർ ഇസ്‌ലാഹോ ഇർശാദ് ആയി. മരണം വരേയും ഈ വകുപ്പ് കൈകാര്യം ചെയ്തു.
- ഒരിക്കൽ ലാത്തികൊണ്ട് അടിയേൽക്കുകയുണ്ടായി.
- 1953-ൽ പാക്കിസ്ഥാനിൽ കുറച്ചുകാലം ജയിൽവാസമനുഷ്ഠിക്കേണ്ടിവന്നിട്ടുണ്ട്.
- മെക്കാനിക്കൽ രംഗത്ത് ഏറെ നിപുണനായിരുന്ന മിയാൻ ശരീഫ് സാഹിബ് ഖാദിയാനിൽ ഒരു ഫാക്ടറിയും നടത്തിയിരുന്നു.
- സാമ്പത്തികമായി ഏതവസ്ഥയിലും സാധുക്കളെ സഹായിച്ചിരുന്നു.
- ശിക്കാറിന് താൽപര്യമുണ്ടായിരുന്ന അദ്ദേഹം ഒരിക്കൽ, വൈകീട്ട് ഒരു അമുസ്‌ലിം ഭവനത്തിൽ താമസിക്കാനിടയായി. ആ വീട്ടിലെ ഒരു കുട്ടിയെ കാണാതായിരുന്നു. വീട്ടുകാർ ആകെ പ്രശ്നത്തിൽ കഴിയുമ്പോൾ അദ്ദേഹം ദീർഘനേരം നഫൽ അനുഷ്ഠിച്ച് പ്രാർഥനാ നിരതനായി. തുടർന്ന് കണ്ട ഒരു സ്വപ്നത്തിന്റെ വെളിച്ചത്തിൽ അദ്ദേഹം പറഞ്ഞു: നാളെ ഒരു വൃദ്ധൻ കുട്ടിയെ കൊണ്ടുവരുന്നതാണ്. പക്ഷേ അദ്ദേഹം രാവിലെ പുറപ്പെടും വരേയും കുട്ടിയെത്തിയില്ല. തുടർന്ന് വീണ്ടും ദുഃആ ചെയ്യുകയും അങ്ങനെ അദ്ദേഹത്തിന്റെ സാന്നിധ്യത്തിൽ തന്നെ കുട്ടിയെ ഒരു വൃദ്ധൻ എത്തിക്കുകയും ചെയ്തു.
- പ്ലേഗിന്റെ കാലത്ത് ശക്തമായി പനി ബാധിക്കുകയും മരണപ്പെടുമോ എന്നുപോലും ആശങ്കയുണ്ടായി. ഹ. മസീഹ് മൗഊദ്(അ) ന്റെ ദുഃആ ഫലമായും അദ്ദേഹത്തെകുറിച്ച് ലഭിച്ച ഇൽഹാമുകളുടെയും അടിസ്ഥാനത്തിൽ പ്രതീക്ഷിക്കാത്ത രീതിയിലാണ് രോഗശമനമുണ്ടായത്.
- ഒരിക്കൽ ക്ഷീണവും, സന്ധികളിൽ ശക്തിയായ വേദനയും ഉണ്ടായി. മരണത്തിന്റെ പ്രതീതി ഉണ്ടാക്കി. പക്ഷേ അല്ലാഹു അദ്ദേഹത്തിന് അപ്രതീക്ഷിതമായി രോഗശമനം നൽകുകയുണ്ടായി.



- ജൽസാസാലാനക്ക് തലേദിവസം 1961 ഡിസംബർ 25 ന് ഓഫീസർ ജൽസാസാലാന ഹ. മിർസാ നാസിർ അഹ്മദ് സാഹിബും, നാസിർ ഇസ്‌ലാഹ് ഇർശാദ് എന്ന നിലക്ക് (അഫ്സർ ജൽസാഗാഹ്) ഹ. മിർസാ ശരീഫ് അഹ്മദ് സാഹിബും ജൽസയുടെ അവസാന വട്ട ഒരുക്കങ്ങൾ വിലയിരുത്താൻ വിസിറ്റിംഗ് നടത്തി. അന്നേദിവസം രാത്രി ആരോഗ്യനില സങ്കീർണമായി. രാത്രി ഭക്ഷണം കഴിച്ച് കിടന്നുറങ്ങി. രാവിലെ മൂത്ത മകൾ ചായ നൽകിയത് കുടിച്ചെങ്കിലും, മോഹാലസ്യമുണ്ടായി. ഡോ. മിർസാ മുനവ്വർ അഹ്മദ് സാഹിബ് കൃത്രിമ ശ്വാസോച്ഛ്വാസം നൽകാൻ ശ്രമിച്ചെങ്കിലും 1961 ഡിസംബർ 26 ന് വഫാത്തായി.
- ഹ. മുസ്‌ലിഹ് മൗഊദ്(റ) സുഖമില്ലാതെ കിടപ്പിലായിരുന്നതിനാൽ പിറ്റേന്ന് ജൽസക്ക് ഹ. മിർസാ ബശീർ അഹ്മദ് സാഹിബാണ് ഹുസൂറിന്റെ പ്രഭാഷണം കേൾപ്പിച്ചത്. അതോടൊപ്പം ഹ. മിർസാ ശരീഫ് അഹ്മദ് സാഹിബ് വഫാത്തായ വിവരവും അറിയിക്കുകയുണ്ടായി.
- ജൽസയുടെ ഒന്നാം ദിവസം വൈകീട്ട്, ഹ. മിർസാ ബശീർ അഹ്മദ് സാഹിബ് ജനാസ നമസ്കരിപ്പിച്ചു.ആയിരക്കണക്കിന് ആളുകളുടെ സാന്നിധ്യത്തിൽ ബഹിശ്തിമഖ്ബറ (റബ്‌വ) യിൽ ഖബറടക്കി.

**വാഗ്ദത്ത മസീഹിന്റെ കത്തുകൾ**

**ഹ. മുൻശീ റുസ്തം അലി സാഹിബ്(റ)ന് എഴുതിയ കത്ത്**

## ഇസ്തിഗ്ഫാറിന്റെ യഥാർഥ്യം

بسم الله الرحمن الرحيم

نحمده ونصلي علي رسوله الكريم

മഖ്ദൂമി അഖ്വീം മുൻശീ റുസ്തം അലി സാഹിബ്, സല്ലമഹു


السلام عليكم ورحمة الله وبركاته

താങ്കളുടെ കത്ത് കൈപ്പറ്റി.

ഇസ്തിഗ്ഫാർ നിർബന്ധമായും ചെയ്തുകൊണ്ടിരിക്കണം. ദാസൻ വിനയാന്വിതനായി അന്തസുടയവനായ തന്റെ യജമാനരോട് മാപ്പിരക്കുകയും മഗ്ഫിറത്ത് (പാപപ്പൊറുതി) ആഗ്രഹിക്കുകയും ചെയ്യുമ്പോൾ അവസാനം അയാളുടെ പാപങ്ങൾ പൊറുക്കപ്പെടുന്നു. അയാളുടെ അകതാരിൽ പാപങ്ങളോട് വെറുപ്പ് ഉളവാക്കുന്നു. ഇസ്തിഗ്ഫാറിന്റെ യാഥാർഥ്യം, മനുഷ്യൻ കരഞ്ഞ് വിലപിച്ച് അല്ലാഹുവിനോട് തന്റെ പാപങ്ങൾ മാപ്പാക്കാൻ അർഥിക്കുക എന്നാണ്. ഇസ്തിഗ്ഫാറുകൊണ്ട് കുറഞ്ഞപക്ഷം ദൈവിക കോപത്തിൽ നിന്ന് രക്ഷപ്പെടാൻ കഴിയുന്നു എന്നതും, ഇസ്തിഗ്ഫാറിന്റെ അവസാനഫലം, അയാൾ തിന്മകളിൽ നിന്ന് രക്ഷപ്പെടുന്നുവെന്നതുമാണ്. ഈ വിനീതനും താങ്കൾക്ക് വേണ്ടി ദുഃആ ചെയ്യുന്നതാണ്. പക്ഷേ അതിന്റെ അനുക്രമമായ ഫലത്തിന് വേണ്ടി ധൃതിവെക്കരുത്. അതിൽ ദൈവികയുക്തിയുണ്ട്. ഇസ്തിഗ്ഫാർ ഒരിക്കലും ഒഴിവാക്കരുത്. ഇത് ഏറെ അനുഗൃഹീതമായ മാർഗമാണ്. പ്രസിദ്ധീകരണം തയ്യാറായാൽ അറിയിക്കാം. വസ്സലാം, ബഹു. ചൗധരി മുഹമ്മദ് ബക്ശ് സാഹിബിനോട്, സലാം പറയണം.

3, ജൂലൈ, 1886

വിനീതൻ
ഗുലാം അഹ്മദ്
അഫീഅൻഹു




## ആധുനിക ശാസ്ത്രത്തിന്റെ പിതാക്കൾ

**ഇന്ത്യയുടെ ആദ്യത്തെ പ്രധാന മന്ത്രി പണ്ഡിറ്റ് ജവഹർലാൽ നെഹ്റു പറയുന്നു:**

"മുൻകാല ജനങ്ങളിൽ ശാസ്ത്ര മാർഗങ്ങൾ നമുക്ക് ഈജിപ്തിലോ, ചൈനയിലോ ഇന്ത്യയിലോ കണ്ടെത്താൻ സാധ്യമല്ല. കുറച്ചൊക്കെ പുരാതന യവനൻമാരിൽ കാണുന്നുണ്ട്. റോമിലും അത് അന്യമായിരുന്നു.

പക്ഷേ അറബികളുടെ ഉള്ളിൽ ശാസ്ത്രമാർഗങ്ങളിലുള്ള ഗവേഷണ ത്വര ഉണ്ടായിരുന്നു. അതുകൊണ്ട് തന്നെ അറബികളെ ആധുനിക ശാസ്ത്രത്തിന്റെ പിതാക്കളെന്ന് ഗണിക്കാവുന്നതാണ്."

(Glimpses of World History)



## വിജ്ഞാനവേദി

**ഹ:ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്)**

### മുസ്ലിമാകാൻ പേരു മാറ്റേണ്ട

***ഇസ്ലാം സ്വീകരിക്കുമ്പോൾ പേര് മാറ്റേണ്ടത് അനിവാര്യമാണോ?***

ഒരിക്കലുമല്ല. ഇസ്ലാം സ്വീകരിച്ചതിന് ശേഷം വിഗ്രഹാരാധന (ബഹുദൈവ)യുമായി ബന്ധപ്പെട്ട പേരുകൾ മാത്രമാണ് മാറ്റേണ്ടത്. ചില പേരുകൾ കാൽപനിക ദൈവങ്ങളുടെ പേരിൽ വെയ്ക്കപ്പെടുന്നവയാണ്. അതു കൊണ്ട് അവ മാറ്റേണ്ടത് അനിവാര്യമാണ്. ഇതുപോലെ ചില പേരുകൾ ഇസ്ലാമിക തത്ത്വചിന്ത (ഫിലോസഫി)യെ നിരാകരിക്കുന്നതോ, അതിന് വിപരീതമുള്ളവയോ ആയിരിക്കും. ഉദാഹരണമായി അബ്ദുല്ലെൽ ഇതുപോലെ നിരർത്ഥകമായ മറ്റു പേരുകളാണുള്ളതെങ്കിൽ ആ പേരുകൾ അല്ലെങ്കിൽ അതിന്റെ കുറച്ചു ഭാഗം മാറ്റേണ്ടതായി വരും. ഇന്ന് മുസ്ലിംകളിൽ നിലനിൽക്കുന്ന പേരു കൾക്ക് ഇസ്ലാമുമായി ബന്ധമൊന്നുമില്ല. അതെല്ലാം സഹസ്രാബ്ദങ്ങളായി നിലനിന്നു വരുന്ന അറബി നാമങ്ങളാണ്. കൂടാതെ മുസ്ലിംകളിൽ ഇറാനി പേരുകളും സാധാരണമാണ്. ഇതുപോലെ മറ്റ് പല സമൂഹങ്ങളും ഇസ്ലാം സ്വീകരിച്ച ശേഷം അവരുടെ പേരുകൾ നിലനിർത്തി. അതിൽ അപാകതയൊന്നുമില്ല.

മജ്ലിസിൽ ഉണ്ടായിരുന്ന ഒരു സുഹൃത്ത് എഴുന്നേറ്റു നിന്ന് ഹുസൂറിനോടു പറഞ്ഞു. മാലിക് റാം എന്ന് പേരുള്ള ഒരു ഹിന്ദു ഇസ്ലാം സ്വീകരിച്ചപ്പോൾ ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) ആ പേര് അതേ വിധത്തിൽ തുടരാനനുവദിച്ചു. (അന്നസ്ർ ലണ്ടൻ 1987 ജനുവരി 16)

### എല്ലാ നല്ല കാര്യങ്ങളും

***അൻസാറുല്ലാഹ്, ഖുദ്ദാമുൽ അഹ്മദിയ്യാ പ്രതിജ്ഞകളിൽ എല്ലാ നല്ല കാര്യങ്ങളും അനുസരിക്കും എന്നത് കൊണ്ടുള്ള വിവക്ഷ എന്താണ്?***

ഈ പദം വിശുദ്ധ ഖുർആനിൽ നിന്നെടുത്തതാണ്. നബി(സ) സ്ത്രീകളിൽ നിന്ന് ബയ്അത്ത് വാങ്ങുമ്പോൾ അവരോട് പറഞ്ഞതായാണ് അത് പരാമർശിച്ചിരിക്കുന്നത്.

ഈ പദം സ്ത്രീകൾക്കുവേണ്ടി ഉപയോഗിച്ചതിന്റെ കാരണം ഒരു പക്ഷെ സ്ത്രീകൾ ചില ദൈനംദിന കാര്യങ്ങൾ വിശുദ്ധ ഖുർആനിൽ വിശദമായി പറയപ്പെടാത്തവ കുടുംബപ്രശ്നങ്ങൾ, സാമൂഹിക ജീവിതം എന്നിവ ബയ്അത്തിന് കീഴിലല്ലെന്ന് പറയാം. വെറും മതപരമായ കാര്യങ്ങളിൽ ഞങ്ങൾ അങ്ങയെ അനുസരിക്കുകയുള്ളുവെന്നും പറയുമായിരിക്കും. അതുകൊണ്ട് ദൈവ നിർദ്ദേശപ്രകാരമായിരിക്കാം ഈ വാചകം നബി(സ) ബയ്അത്തിൽ ഉൾപ്പെടുത്തിയത്.

അതിനർത്ഥം മതപരമാണെങ്കിലും അല്ലെങ്കിലും ഞങ്ങൾ അങ്ങയെ അനുധാവനം ചെയ്യുന്നതാണ് എന്നാകുന്നു.

ഈ വാചകം ആളുകൾക്ക് ജമാഅത്തിപരമായ ഉത്തരവാദിത്വങ്ങൾ പരിമിതപ്പെടുത്തുകയാണെന്നാണ് ചിലർ കരുതുന്നത്. എന്നാൽ യാഥാർത്ഥ്യം മറിച്ചാണ്. ഈ വാചകം ബയ്അത്ത് ചെയ്യുന്ന ആളെ മതപരമായ പരിധിയിൽ മാത്രമല്ല എല്ലാ നല്ലകാര്യങ്ങളും അനുസരിക്കണമെന്ന വിശാലമായ അർത്ഥം നൽകുന്നതിന്റെ പരിധിയിൽ കൊണ്ടുവരുന്നു. അതാകട്ടെ വിശുദ്ധ ഖുർആനിൽ ഉണ്ടെങ്കിലും ഇല്ലെങ്കിലും ശരി വിശുദ്ധ ഖുർആന് എതിരായ അധ്യാപനത്തിൽ എത്തുമ്പോൾ മാത്രമേ ഈ അതിർവരമ്പ് പൊട്ടിപ്പോകുന്നുള്ളൂ. (18-8-86)

സമ്പാ: അബൂസ്വബാഹ്

കൊടുവായൂരിൽ മസ്ജിദ് ഹാദി ഉദ്ഘാടനം

# മസ്ജിദുകൾ ആരാധന കൊണ്ട് ഭക്തിനിർഭരമാക്കണം: പാലക്കാട് മേഖലാ അമീർ

**കൊടുവായൂർ:** വ്യത്യസ്ത സമൂഹങ്ങൾക്ക് പുരോഗതിക്ക് വ്യത്യസ്ത മാർഗങ്ങളുണ്ടെന്നും മുസ്‌ലിം സമുദായത്തിന്റെ പുരോഗതി മസ്ജിദുകളുമായി ബന്ധിതമാണെന്നും, ആരാധനകൾകൊണ്ട് അതിനെ ഭക്തി നിർഭരമാക്കണമെന്നും പാലക്കാട്- തൃശൂർ മേഖലാ അമീർ പ്രൊഫ. എം.കെ അബ്ദുൽകരീം സാഹിബ് അഭിപ്രായപ്പെട്ടു.

കൊടുവായൂരിൽ നിർമിച്ച, മസ്ജിദ് ഹാദിയുടെ ഉദ്ഘാടനകർമം, നിർവഹിക്കുകയായിരുന്നു അമീർ സാഹിബ്. പ്രാദേശിക പ്രസിഡണ്ട് എസ്. സക്കീർ ഹുസൈൻ സാഹിബ് അധ്യക്ഷതവഹിച്ചു. മലപ്പുറം മേഖലാ അമീർ പി. മുഹമ്മദ് അലി മാസ്റ്റർ സാഹിബ്, എറണാകുളം മേഖലാ അമീർ ബി.ബി. അഹ്മദ് കബീർ സാഹിബ് എന്നിവർ ആശംസകൾ നേർന്ന് സംസാരിച്ചു. നാസിർ ഇസ്‌ലാഹോ ഇർശാദ് ഖാദിയാൻ മൗലാനാ മുനീർ അഹ്മദ് സാഹിബ് ഖാദിമിന്റെ സന്ദേശവും, മസ്ജിദുകളെകുറിച്ചുള്ള ഹുസൂർ തിരുമനസിന്റെ നിർദേശങ്ങളും എറണാകുളം മേഖലാ മുബല്ലിഗ് മൗ. എം. നാസിർ അഹ്മദ് സാഹിബ് കേൾപ്പിച്ചു. കാവശേരി പ്രസിഡണ്ട് എച്ച്. സുലൈമാൻ സാഹിബ്, കൊടുവായൂർ ജമാഅത്തിന്റെ സംക്ഷിപ്ത ചരിത്രം കേൾപ്പിച്ചു. ദഅ്വത്തെ ഇലല്ലാഹ് മുബല്ലിഗ് മൗ. എച്ച്. ശംസുദ്ദീൻ സാഹിബ്, ഹദ്റത് അഹ്മദ്(അ)ന്റെ സത്യസാക്ഷ്യം എന്ന വിഷയത്തെ അധികരിച്ച് പ്രഭാഷണം നടത്തി. തുടക്കത്തിൽ മൗ. ഹിദായത്തുല്ലാഹ് ഖാൻ സാഹിബ് തിലാവത്തുൽ ഖുർആൻ നിർവഹിച്ചു.

ഉച്ചക്ക് ശേഷം മേഖലാ ഇസ്‌ലാഹോ ഇർശാദ് സെക്രട്ടറി കെ. ശംസുദ്ദീൻ സാഹിബിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗം മൗ. ടി. റഹീം അഹ്മദ് സാഹിബിന്റെ ഖുർആൻ പാരായണത്തോടെ ആരംഭിച്ചു. മഹ്ബൂബ് അഹ്മദ് പദ്യം ചൊല്ലി. മൗ. എം. നാസിർ അഹ്മദ് സാഹിബ് എറണാകുളം (നബി(സ) കാരുണ്യത്തിന്റെ പ്രവാചകൻ) ദഅ്വത്തെ ഇലല്ലാഹ് മുബല്ലിഗ് മൗ. കെ. മഹ്മൂദ് അഹ്മദ് സാഹിബ് (മുസ്‌ലിം ലോകവും സമാധാനവും) എന്നിവർ പ്രഭാഷണങ്ങൾ നടത്തി.

ഖാഇദ് എസ്. ഹാരിസ് സാഹിബ് സ്വാഗതവും, മുഅല്ലിം മൗ. ഉസ്മാൻ സാഹിബ് നന്ദിയും പറഞ്ഞു. കേരള ജമാഅത്തുകൾക്ക് പുറമേ തമിഴ്നാട്ടിലെ ജമാഅത്തുകളിലെ സഹോദരങ്ങളും പരിപാടിയിൽ സംബന്ധിച്ചു.

മസ്ജിദിന് ഹുസൂർ (അയ്യദഹുല്ലാഹ്) ആണ് മസ്ജിദ് ഹാദി എന്ന പേര് നിർദ്ദേശിച്ചത്.

# സ്ത്രീകൾ കർമനിരതരാവണം : ബുശ്റാപാഷ

**എറണാകുളം:** സ്ത്രീകൾ കർമനിരതരാവണമെന്നും സമൂഹത്തിന്റെ പുരോഗതിക്ക് അത് അത്യന്താപേക്ഷിതമാണെന്നും ലജ്ന അഖിലേന്ത്യാ സദ്ർ ബുശ്റാപാഷ സാഹിബ അഭിപ്രായപ്പെട്ടു. ഇവിടെ ഹദ്റത് ഖദീജാ നഗറിൽ മെയ് 7-8 തിയ്യതികളിൽ ചേർന്ന ലജ്ന ഇമാഇല്ലാഹ് സംസ്ഥാന ഇജ്തിമാഅ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അവർ.

കേരള സദ്ർ സിദ്ദീഖ ബീബി സാഹിബ അധ്യക്ഷത വഹിച്ചു.സറീനാ റഫീഖ് സാഹിബ തർബിയ്യത്ത് പ്രസംഗം നടത്തി.

മതസൗഹാർദ സമ്മേളനത്തിൽ ഡോ. മുബാറക്കാ മുഹമ്മദ് സാഹിബ അദ്ധ്യക്ഷതവഹിച്ചു. ലജ്ന അഖിലേന്ത്യാ സദർ ഉദ്ഘാടന പ്രഭാഷണം നടത്തി. ഹുസൂറിൽ നിന്നുള്ള സന്ദേശം കേരള സദർ വായിച്ചു കേൾപ്പിച്ചു. സഫൂറാ ശഫി സാഹിബ, സാജിദ മുസഫർ സാഹിബ എന്നിവർ പ്രസംഗിച്ചു. സാമൂഹിക പ്രവർത്തകരായ ലറീസ് അറയ്ക്കൽ, ജോതീ നാരായണൻ കൾച്ചറൽ അക്കാഡമീ ഫോർ പീസ് ചെയർപേസൻ ബീനാ സബാസ്റ്റ്യൻ എന്നിവർ ആശംസകൾ നേർന്നു. എറണാകുളം മേഖലാ സെക്രട്ടറി മുംതാസ് സഫറുല്ലാഹ് സാഹിബ സ്വാഗതവും എറണാകുളം ലജനാ സദർ റാബിഅ ശൗകത്ത് സാഹിബ നന്ദിയും പറഞ്ഞു. തർബിയ്യത്ത് സെഷനിൽ മൗലവി എം. നാസിർ അഹ്മദ് സാഹിബ്, ഷാഹിദ വസീം സാഹിബ, ജുവൈരിയ ഗൗഹർ ശംസ് സാഹിബ എന്നിവർ ക്ലാസെടുത്തു. മുൻ സംസ്ഥാന സദർ ബി. താഹിറ സാഹിബയുടെ അധ്യക്ഷതയിൽ ചേർന്ന സമാപന സമ്മേളനത്തിൽ അഖിലേന്ത്യാ സദർ വിവിധ മത്സരങ്ങളിലെ വിജയികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു.

തിലാവത്തുൽ ഖുർആൻ, മലയാളം/ഉർദു പദ്യപാരായണം, അക്ഷരശ്ലോകം, മലയാളം/ഉർദു പ്രസംഗം, ഫിൽബദീഹ് പ്രസംഗം, കവിതാരചന, പ്രബന്ധ രചന, ചുമർപത്രിക, തലവാചകം, ക്വിസ്, എന്നിവയിൽ ലജ്നാ നാസിറാത്ത് അംഗങ്ങൾക്ക് മൽസരങ്ങൾ ഉണ്ടായിരുന്നു. ചോദ്യോത്തര സദസും സംഘടിപ്പിച്ചിരുന്നു.



മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ഉത്തരമേഖല പഴയങ്ങാടിയിൽ സംഘടിപ്പിച്ച അൽഖുർആൻ എക്സിബിഷൻ പ്രാദേശിക അമീർ സലീം അഹ്മദ് സാഹിബ് ഉദ്ഘാടനം ചെയ്യുന്നു.

# നാസിറുദ്ദീൻ സാഹിബ് തഹ്‌രീക് ജദീദ് അഞ്ചുമൻ അംഗം



**ഖാദിയാൻ :** തഹ്‌രീക് ജദീദ് അഞ്ചുമൻ അഹ്മദിയ്യാ ഭാരത് അംഗമായി, മജ്. അൻസാറുല്ലാഹ് ഭാരത് നാഇബ് സദ്ർ (ദക്ഷിണേന്ത്യ) പി. പി. നാസിറുദ്ദീൻ സാഹിബിനെ നിയമിച്ചുകൊണ്ട് ഹുസൂർ തിരുമനസ് ഉത്തരവായിരിക്കുന്നു. ( Resolution No: 7, Kh. 1, 3.4.2011)

മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ കേരളയുടെ പ്രവർത്തകസമിതിയിൽ ദീർഘകാലം പ്രവർത്തിച്ചിട്ടുള്ള നാസിറുദ്ദീൻ സാഹിബ് അക്കാലത്തുതന്നെ പഴയങ്ങാടി പ്രാദേശിക അമീറായി തിരഞ്ഞെടുക്കപ്പെട്ടിരുന്നു. കണ്ണൂർ മേഖലാ നാസിം അൻസാറുല്ലാഹ് ആയി സേവനം ചെയ്തുകൊണ്ടിരിക്കേയാണ് ബി.എം. കോയസാഹിബിന്റെ വേർപാടിനെ തുടർന്ന് കേരള നാസിം ആയത്. കഴിഞ്ഞവർഷം അൻസാറുല്ലാഹ് അഖിലേന്ത്യാ നാഇബ് സദ്ർ ആയി നിയമിക്കപ്പെട്ടു. കണ്ണൂർ ടൗൺ ജമാഅത്ത് ഇസ്‌ലാഹോ ഇർശാദ് സെക്രട്ടറി കൂടിയാണ്.

എസ്.എസ്.എൽ.സി.

# സലീൽ ബാസിത്തിന് നൂറുശതമാനം എ പ്ലസ്



**മണ്ണാർക്കാട് :** ഇക്കഴിഞ്ഞ SSLC പരീക്ഷയിൽ മണ്ണാർക്കാട് മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ അംഗം സലീൽ ബാസിത് എല്ലാ വിഷയങ്ങൾക്കും A+ നേടി. സ്കൗട്ട്സ്& ഗൈഡ്സിന്റെ രാജ്യപുരസ്ക്കാർ ജേതാവായ സലീൽ മണ്ണാർക്കാട് എം.ഇ.ടി ഹൈസ്കൂൾ വിദ്യാർഥിയായിരുന്നു. മണ്ണാർക്കാട് ജമാഅത്ത് വൈസ്പ്രസിഡണ്ട് ബാസിത് മുസ്‌ലിം സാഹിബിന്റെയും, ഷീജാ ബാസിത് സാഹിബയുടെയും മകനാണ്. സുബ്ഹി നമസ്കാരത്തിൽ കൃത്യമായി പള്ളിയിൽ എത്താൻ ചെറുപ്രായത്തിൽതന്നെ തൽപരനായിരുന്നു സലീൽ.

# കരിയർ ഗൈഡൻസ് ക്ലാസ്സ്

**മാത്തോട്ടം:** മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ യുടെയും, ജമാഅത്തിന്റെയും സംയുക്താഭിമുഖ്യ ത്തിൽ 8-5-11 ഞായറാഴ്ച കരിയർ ഗൈഡൻസ് ക്ലാസ്സ് നടത്തി. രാവിലെ 10 മണിമുതൽ ആരം ഭിച്ച ക്ലാസ്സ് 1.30 നു സമാപിച്ചു. മാത്തോട്ടം സദർ പി.എം. ബശീർ സാഹിബിന്റെ അധ്യക്ഷതയിൽ ചേർന്ന പ്രസ്തുത പരിപാടിയിൽ മൻസൂർ




സാഹിബ് പത്തപ്പിരിയം കരിയർ ഗൈഡ ൻസ് ക്ലാസ്സ് എടുത്തു. കൂടാതെ നാസിർ തഅ്ലീം ഭാരത്, ശിറാസ് അഹ്മദ് സാഹിബ് അയച്ച് തന്ന പഠന മാർഗരേഖയെ അടിസ്ഥാനമാക്കി വി.പി. ബശീർ സാഹിബ് ക്ലാസ്സെടുത്തു. കരിയർ ഗൈഡൻസ് കമ്മിറ്റി അംഗം ഡോ. വസീം സാഹിബ് സന്നി ഹിതനായിരുന്നു.

പ്രസ്തുത പരിപാടിയിൽ കരുളായിൽ വെച്ച് നടന്ന തർബിയ്യത്ത് ക്യാമ്പിൽ പങ്കെടുത്ത മാത്തോട്ടം ജമാഅത്തിലെ കുട്ടികൾക്ക് സ്വീകര ണവും നൽകി. മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ നായിബ് സദർ സി. ഷമീം സാഹിബ് ക്യാമ്പിൽ പങ്കെടുത്ത കുട്ടികൾക്ക് ഉപഹാരങ്ങൾ സമ്മാനി ച്ചു. കെ.എസ്. മുസഫർ സാഹിബ് തിലാവത്തും, മുക്താർ സാഹിബ് പദ്യവും കേൾപ്പിച്ചു.

## അറിയിപ്പ്

അൽഹഖിലേക്ക് വാർത്തകൾ അയക്കു മ്പോൾ മലയാളത്തിൽ എഴുതിയോ ടൈപ്പ് ചെയ്തോ തപാൽ/ ഇ.മെയിൽ മുഖേന അയക്കാവുന്നതാണ്. മലയാളം ഇംഗ്ലീഷിൽ ടൈപ്പ് ചെയ്ത് അയച്ചാൽ പ്രസിദ്ധീകരി ക്കാൻ കഴിയുന്നതല്ല.

ഓരോ മാസവും 25നു മുമ്പേ വാർത്തകൾ അയക്കാൻ ഖാഇദുമാർ ശ്രദ്ധിക്കേണ്ടതാണ്. വൈകിക്കിട്ടുന്ന വാർത്തകൾ മാറ്റിവെക്കു കയോ ഒഴിവാക്കപ്പെടുകയോ ചെയ്തേക്കാം. അൽഹഖിലേക്ക് അയക്കുന്ന മറ്റ് മാറ്ററുകൾ പ്രസിദ്ധീകരിക്കാത്തവ തിരിച്ച് വേണമെന്നു ള്ളവർ ആവശ്യമായ സ്റ്റാമ്പൊട്ടിച്ച കവർ കൂടി അയക്കേണ്ടതാണ്.

അഭിപ്രായങ്ങളും നിർദ്ദേശങ്ങളും നിർലോ ഭം തന്നുകൊണ്ടിരിക്കുന്ന മാന്യവായനക്കാ രോട് പത്രാധിപസമിതി നന്ദി അറിയിക്കുന്നു. തുടർന്നും സഹകരിക്കുമല്ലോ!

# അത്ഫാൽ തർബിയ്യത്തീ സമ്മർക്യാംപ്



ദക്ഷിണമേഖല അത്ഫാൽ തർബിയ്യത്തീ സമ്മർ ക്യാംപ് തിരുവനന്തപുരം മേഖലാ അമീർ അഹ്മദ് ശരീഫ് സാഹിബ് ഉദ്ഘാടനം ചെയ്യുന്നു.





**ഖുദ്ദാം കർണാടക ദക്ഷിണ മേഖല ഇജ്തിമാഅ്, മർക്കര :** സ്റ്റേജിൽ മർക്കര പ്രസിഡണ്ട് ബശീർ അഹ്മദ്, ബാംഗ്ലൂർ മുബ ല്ലിഗ് മൗ. കലീം അഹ്മദ് ഖാൻ, ദക്ഷിണമേഖലാ അമീർ ശഫീ ഉല്ലാഹ്, ഖുദ്ദാം നാഇബ് സദ്ർ സി.ശമീം, ദക്ഷിണ മേഖലാ ഖാഇദ് മുസദ്ദിഖ് അഹ്മദ്, സദ്ർ ഇജ്തിമാ കമ്മിറ്റി ശരീഫ് അഹ് മദ് എന്നിവർ.

# അൻസാറുല്ലാഹ് ഇജ്തിമാഅ്

**പാലക്കാട്:** പാലക്കാട് മജ്ലിസ് അൻസാറുല്ലാ യുടെ പ്രാദേശിക ഇജ്തിമാഅ് 08-05-2011 ഞായ റാഴ്ച തഹജ്ജുദ് നമസ്കാരത്തോടുകൂടി ആരം ഭിച്ചു. പാലക്കാട് സഈം താജുദ്ദീൻ സാഹി ബിന്റെ അധ്യക്ഷതയിൽ ചേർന്ന ഉദ്ഘാടന സെഷൻ യു. കബീർ സാഹിബിന്റെ ഖുർആൻ പാരായണത്തോടെ തുടങ്ങി. പി.കെ. ഹംസ സാഹിബ് പദ്യം ആലപിച്ചു. പ്രാദേശിക മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ഖാഇദ് അൻവർ അഹ്മദ് സാഹിബ് ആശംസകൾ നേർന്നു. മൗലവി. എസ്. എം. ബശീറുദ്ദീൻ സാഹിബ് (ഇൻസ്പെക്ടർ തഹ്രീക്ക് ജദീദ്), മൗലവി. എ. നസീം അഹ്മദ് സാഹിബ് (മുബല്ലിഗ് പാലക്കാട്) എന്നിവർ വിവിധ വിഷയങ്ങളെ ആസ്പദമാക്കി ക്ലാസെടു ത്തു. തുടർന്ന് ഖുർആൻ പാരായണം, പദ്യം, പ്രസംഗം, നിമിഷ പ്രസംഗം, ക്വിസ്, സന്ദേശ കൈമാറ്റം എന്നീ വൈജ്ഞാനിക മത്സരങ്ങളും, മ്യൂസിക്കൽ ചെയർ, മെഴുകുതിരി കത്തിക്കൽ, ബലൂൺ പൊട്ടിക്കൽ തുടങ്ങിയ കായിക മത്സര ങ്ങളും നടന്നു. ഇജ്തിമയിൽ എത്തിച്ചേർന്ന എല്ലാവരും മത്സര പരിപാടികളിൽ പങ്കെടുത്തു. മത്സരങ്ങളിൽ വിജയികളായവർക്ക് കെ.എസ്. അബ്ദുൽ ഹമീദ് സാഹിബ് (പ്രസിഡണ്ട്, പാല ക്കാട്) മൗലവി മുഹമ്മദ് മൻസിൽ സാഹിബ് (സർക്കിൾ ഇൻചാർജ് പാലക്കാട്) മൗലവി. എച്ച്. ശംസുദ്ദീൻ സാഹിബ് (മുബല്ലിഗ് സിൽസില ദഅ്വത്തെ ഇലല്ലാഹ്) എന്നിവർ സമ്മാനദാനം നിർവ്വഹിച്ചു.

# ഖുദ്ദാമുൽ അഹ്മദിയ്യാ ദേശീയ ഇജ്തിമാഅ്

**ഖാദിയാൻ :** മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായു ടെ ദേശീയ ഇജ്തിമാഅ് ഒക്ടോബർ 18, 19, 20 തിയ്യതികളിൽ നടത്താൻ ഹുസൂർ തിരുമനസ് അനുമതി നൽകിയതായി സദർ മജ്ലിസ് ഖുദ്ദാ മുൽ അഹ്മദിയ്യാ ഭാരത് മൗലവി. മഖ്ദൂം ശരീഫ് സാഹിബ് അറിയിച്ചു. ഇത്തവണ അഖിലേന്ത്യാ സദർ തെരഞ്ഞെടുപ്പും ഉണ്ടായിരിക്കുന്നതാണ്. മജ്ലിസുകൾ പ്രതിനിധികളെ തെരഞ്ഞെടുത്ത് യഥാസമയം കേന്ദ്രത്തിൽ അറിയിക്കേണ്ടതാണ്. വിവിധ വൈജ്ഞാനിക കായിക മത്സരങ്ങളും പതി വുപോലെ ഉണ്ടായിരിക്കുന്നതാണ്. പ്രവർത്തന മിക വിലുള്ള ഇൻആമെ അലമിക്കു പുറമെ ആദ്യത്തെ പത്ത് മജ്ലിസുകൾക്ക് ഹുസൂർ തിരുമനസിന്റെ കയ്യൊപ്പോടു കൂടിയ സർട്ടിഫിക്കറ്റുകളും നൽക പ്പെടുന്നതാണ്. ഇജ്തിമാഅ് സംബന്ധമായ വിശദ വിവരങ്ങൾ എല്ലാ മജ്ലിസുകളിലേക്കും നേരിട്ട് അയച്ചുകൊടുക്കുന്നതാണെന്ന് നാഇബ് സദർ സാഹിബ് അൽഹഖിനോട് പറഞ്ഞു.

## റിപ്പോർട്ട്

**ഖാദിയാൻ :** ഭാരവാഹികൾ എല്ലാ മാസവും ഖുദ്ദാം അത്ഫാൽ റിപ്പോർട്ടുകൾ യഥാസമയം കേന്ദ്രത്തിലേക്ക് അയക്കണമെന്ന് അഖിലേന്ത്യാ മുഅത്തമിദ് ജി.ആസിമുദ്ദീൻ സാഹിബ് അറിയി ക്കുന്നു. വൈകി കിട്ടുന്ന റിപ്പോർട്ടുകൾ വർഷാ വസാന അവലോകനത്തിൽ ഉൾപ്പെടുത്താൻ സാധിക്കുന്നതല്ല.

# തഹ്‌രീക് ജദീദ് - ആറുമാസങ്ങൾകൂടി....

തഹ്‌രീക് ജദീദിന്റെ സാമ്പത്തികവർഷം നവംബർ 1 മുതൽ ഒക്ടോബർ 31 വരെയാണ്. ഏപ്രിൽ 30 ന് നടപ്പ് വർഷത്തിലെ 6 മാസങ്ങൾ പിന്നിട്ട് കഴിഞ്ഞിരിക്കുന്നു. നൂറ് ശതമാനം ചന്ദഃ ടാർഗറ്റ് പൂർത്തിയാക്കുന്നതിന് കേവലം 6 മാസങ്ങളേ ബാക്കിയുള്ളൂ.

തഹ്‌രീക് ജദീദ് ചന്ദഃ എത്രയും പെട്ടെന്ന് കൊടുത്ത് വീട്ടുമ്പോൾ ജമാഅത്തിന്റെ ദൈനംദിന ചിലവുകൾക്ക് സഹായകരമാവുകയും അതോടൊപ്പം ചന്ദഃ കൊടുക്കുന്നവർ നന്മയിൽ മുന്നേറുന്ന കാരണത്താൽ അനുഗ്രഹത്തിന് പാത്രമാവുകയും ചെയ്യുന്നു. അതുകൊണ്ട് തന്നെ തഹ്‌രീക് ജദീദ് സ്ഥാപകരായ സയ്യിദ്നാ മുസ്‌ലിഹ് മൗഊദ്(റ) തഹ്‌രീക് ജദീദ് ചന്ദഃകൊടുക്കുന്നവരുടെ ശ്രദ്ധ ഇക്കാര്യങ്ങളിലേക്ക് ക്ഷണിച്ചിട്ടുണ്ടായിരുന്നു. ഹുസൂർ പറയുന്നു.

സഹോദരങ്ങൾ എത്രയും വേഗം തഹ്‌രീക് ജദീദ് ചന്ദഃകൊടുത്ത് വീട്ടാൻ ശ്രമിക്കേണ്ടതാണ്.... ഒരു ദിവസത്തെ പുണ്യമാണെങ്കിലും അത് നഷ്ടപ്പെടുത്താൻ മാത്രം നിസ്സാരമല്ല. (മജ്‌ലിസെ മുശാവിറത്ത് പ്രഭാഷണം 12-02-1936)

വീണ്ടും പറയുന്നു. സഹോദരങ്ങൾ തഹ്‌രീക് ജദീദിലേക്ക് കൂടുതൽ കൂടുതൽ ചന്ദഃ എഴുതിപ്പിക്കുകയും എത്രയും വേഗം അത് കൊടുത്ത് തീർക്കാൻ ശ്രമിക്കുകയും വേണ്ടതാണ്. (ജുമുഅ ഖുത്ബ 26-10-1956)

തഹ്‌രീക് ജദീദിന്റെ ചന്ദഃ അധികവും ലോകം മുഴുവനുമുള്ള പ്രചാരണ പ്രസിദ്ധീകരണ പ്രവർത്തനങ്ങൾക്കാണ് വിനിയോഗിക്കുന്നത്. അതുകൊണ്ട് തന്നെ ഹുസൂർ(റ) സെക്രട്ടറിമാരെ ഉപദേശിച്ച് കൊണ്ട് പറഞ്ഞു.

തഹ്‌രീക് ജദീദിന്റെ പ്രവർത്തനങ്ങൾക്ക് ഉടനെ പൈസയുടെ ആവശ്യമുണ്ട്. അത്കൊണ്ട് തന്നെ സെക്രട്ടറിമാർ പൈസ പിരിച്ച് കേന്ദ്രത്തിലേക്ക് അയച്ച് കൊണ്ടിരിക്കേണ്ടതാണ്. (മാലീഖുർബാനിയാം പേജ്- 34)

അമീർമാരും, പ്രസിഡണ്ട്മാരും, സർക്കിൾ ഇൻചാർജ്മാരും, തഹ്‌രീക് ജദീദ് സെക്രട്ടറിമാരും ജമാഅത്തുകളിൽ നൂറ് ശതമാനം ചന്ദഃ സ്വരൂപിക്കുന്നതിന് പ്രയത്നിക്കണമെന്നും അങ്ങിനെ ഓരോ ജമാഅത്തും നൂറ് ശതമാനം ചന്ദഃയും കൊടുക്കുന്ന സൗഭാഗ്യവാന്മാരുടെ ഗണത്തിൽ ഉൾപ്പെട്ട് പ്രിയ ഹുസൂറിന്റെ ദുഃആകളിൽ ഭാഗഭാക്കാകണമെന്നും അപേക്ഷിക്കുന്നു.

അല്ലാഹു പ്രവർത്തനങ്ങളെ ഫലദായകമാക്കുകയും ജമാഅത്തിലെ ഓരോ വ്യക്തിയേയും അല്ലാഹു അവന്റെ കാരുണ്യത്തിന്റെയും ഔദാര്യത്തിന്റെ അനുഗ്രഹത്തിന്റെയും അവകാശിയാക്കുകയും ചെയ്യുമാറാകട്ടെ. ആമീൻ

വക്കീലുൽമാൽ
തഹ്‌രീക് ജദീദ് ഖാദിയാൻ

## മൗലാനാ ബുർഹാൻ സാഹിബിന്റെ സന്ദർശനം

കോഴിക്കോട്: അഡീ. നാസിർ ഇസ്‌ലാഹോ ഇർശാദ് തഅ്‌ലീമുൽ ഖുർആൻ വഖഫെ ആർസി മൗലാനാ ബുർഹാൻ അഹ്മദ് സാഹിബ് സഫർ കേരളത്തിലെ വിവിധ മേഖലകളിൽ പര്യടനം നടത്തി പ്രവർത്തന പുരോഗതികൾ വിലയിരുത്തുകയും ആവശ്യമായ നിർദേശങ്ങൾ നൽകുകയുമുണ്ടായി. കണ്ണൂർ, കോഴിക്കോട്, പത്തപ്പിരിയം, മണ്ണാർക്കാട്, എറണാകുളം, കരുനാഗപ്പള്ളി എന്നിവിടങ്ങളിൽ സംഘടിപ്പിച്ച മേഖലാ യോഗങ്ങളിൽ അദ്ദേഹം സംസാരിച്ചു. മേഖലാ അമീർമാരുടെ അധ്യക്ഷതയിൽ ചേർന്ന യോഗങ്ങളിൽ പ്രാദേശിക അമീർമാർ, പ്രസിഡണ്ട്മാർ, തഅ്‌ലീമുൽ ഖുർആൻ സെക്രട്ടറിമാർ മുബല്ലിഗ് മുഅല്ലിംമാർ എന്നിവർ സംബന്ധിച്ചു.

## പിക്നിക്

**പാലക്കാട്:** മജ്‌ലിസ് അൻസാറുല്ലായുടെ വാർഷിക രൂപരേഖയനുസരിച്ച് പാലക്കാട് മജ്‌ലിസ് അൻസാറുല്ലാഹ് സയീം താജുദ്ദീൻ സാഹിബിന്റെ, നേതൃത്വത്തിൽ മീൻവല്ലത്തേക്ക് ഉല്ലാസയാത്ര നടത്തി. അവിടെ ഒരു തർബിയ്യത്ത് യോഗവും സംഘടിപ്പിക്കുകയുണ്ടായി.

## ഹൈദരബാദ് അത്ഫാൽ തർബിയ്യത്തീ സമ്മർക്യാംപ് ദൃശ്യങ്ങൾ





## സൗജന്യ നേത്ര പരിശോധനാക്യാമ്പ്




**പാലക്കാട്:** പാലക്കാട് മജ്‌ലിസ് അൻസാറുല്ലാഹ്‌യുടെയും കോയമ്പത്തൂർ അരവിന്ദ് കണ്ണാസ്പത്രിയുടെയും സംയുക്താഭിമുഖ്യത്തിൽ പുതുപ്പരിയാരം എം.എം.യു.പി. സ്കൂളിൽ മെയ് 22 ന് സൗജന്യ നേത്രപരിശോധനാക്യാമ്പ് സംഘടിപ്പിച്ചു. കാലത്ത് ചേർന്ന ഉദ്ഘാടന സെഷനിൽ മജ്. അൻസാറുല്ലാഹ് മേഖല നാസിം എം.കെ. അബ്ദുൽ അസീസ് സാഹിബ് അധ്യക്ഷത വഹിച്ചു. മേഖലാ അമീർ പ്രൊഫ. എം.കെ. അബ്ദുൽ കരീം സാഹിബ് ഉദ്ഘാടനം ചെയ്തു. ദഅ്‌വത്തെ ഇലല്ലാഹ് മുബല്ലിഗ് മൗ. എച്ച്. ശംസുദ്ദീൻ അഹ്മദിയ്യാ ജമാഅത്തിന്റെ ജീവകാരുണ്യ പ്രവർത്തനങ്ങളെകുറിച്ച് വിവരിച്ചു. തുടക്കത്തിൽ മൗ. നസീം അഹ്മദ് സാഹിബ് (മുബല്ലിഗ് പാലക്കാട്) തിലാവത്ത് നിർവഹിച്ചു. പ്രാദേശിക നാസിം അൻസാറുല്ലാഹ് എം. താജുദ്ദീൻ സാഹിബ് സ്വാഗതമാശംസിച്ചു.

അരവിന്ദ് കണ്ണാസ്പത്രിയിലെ രണ്ട് ഡോക്ടർമാരുടെ നേതൃത്വത്തിലുള്ള 15 അംഗ സംഘം മുന്നൂറോളം രോഗികളെ പരിശോധിക്കുകയും 43 പേരെ തിമിര ശസ്ത്രക്രിയക്കായി കോയമ്പത്തൂരിലേക്ക് കൊണ്ടുപോവുകയുമുണ്ടായി. തിമിരശസ്ത്രക്രിയയും താമസവും ഭക്ഷണവും ആസ്പത്രി വക പൂർണമായും സൗജന്യമാണ്.

പരിപാടിയുടെ തലേന്ന് മജ്. അൻസാറുല്ലായും ഖാദിംകളും ചേർന്ന് സ്കൂളും പരിസരവും വഖാറെ അമലിലൂടെ ശുചീകരിക്കുകയുണ്ടായി.

**The Editor, AL HAQ**
**C/o Majlis Khuddamul Ahmadiyya**
**Karulai , Malappuram, Kerala**

**E.mail: alhaqeditor@gmail.com**




# ഹൽ തറാ മിൻ ഫുത്വൂർ

## ദൈവിക സൃഷ്ടിപ്പിൽ നിനക്ക് വല്ല ന്യൂനതയും കണ്ടെത്താൻ കഴിയുമോ?


**എട്ടുകാലി**

മനുഷ്യരേയും ജന്തുക്കളേയും ചാടാൻ സഹായിക്കുന്നത് മസിലുകളാണ്.



എട്ടുകാലിയുടെ കാലിൽ മസിലുകളേയില്ല. പൊള്ളയായ കുഴലുകളാണവ. ചാടണമെന്ന് തോന്നുമ്പോൾ അതിലേക്ക് രക്തം പ്രവഹിക്കുന്നു. അപ്പോൾ മടങ്ങിയിരിക്കുന്ന കാലുകൾ നിവരുന്നു. കാലുകൾ മടക്കണമെങ്കിൽ രക്തം പിൻവലിക്കണം. ഈ വിദ്യ കരഗതമായാൽ മനുഷ്യരേയും എട്ടുകാലിയെപ്പോലെ ചാടിക്കാം.

**തവള**



തവളക്കാലിൽ വിറ്റാമിൻ A കുത്തിവെച്ചാൽ അവ വീണ്ടും വളരുന്നു. ഇതിന്റെ രഹസ്യം കണ്ടുപിടിച്ചാൽ മനുഷ്യരുടെ മുറിഞ്ഞുപോയ കൈകാലുകളും മറ്റും വീണ്ടും മുളപ്പിക്കാം.


**തവളക്കണ്ണ്**



ആവശ്യമുള്ളത് മാത്രമേ അത് കാണുകയുള്ളൂ. കപ്പൽ, വിമാനം, മിസൈൽ, സാറ്റ്ലൈറ്റ് തുടങ്ങി ചലിക്കുന്ന വസ്തുക്കളുടെ സ്ഥാനനിർണയത്തിനും മാർഗ്ഗനിർദേശങ്ങൾ നൽകാനും റഡാർ സംവിധാനം ഉപയോഗിക്കുന്നു. റഡാറിൽ നിന്ന് പുറപ്പെട്ട് തിരിച്ചെത്തുന്ന റേഡിയോ തരംഗങ്ങളിൽ നിന്ന് വസ്തുവിന്റെ വലിപ്പം, അകലം, വേഗത എന്നിവ മനസ്സിലാകുന്നു. പ്രത്യേകിച്ചും യുദ്ധരംഗത്ത്. ഇതിന് ഒരു ന്യൂനതയുണ്ട്. പക്ഷികളിലോ, മേഘങ്ങളിലോ തട്ടി തിരിച്ചുവന്നാലും അത് വിമാനമാണെന്ന് തെറ്റിദ്ധരിക്കുന്നു. ആവശ്യമുള്ളത് മാത്രം കാണുന്ന തവളക്കണ്ണുകൾ റഡാറിന് നൽകിയാൽ പ്രശ്നം പരിഹരിക്കാമത്രെ.

**മുതല**

മുതലക്കണ്ണിനു പിന്നിലെ സാങ്കേതിക വിദ്യ മനസ്സിലാക്കിയാൽ ഉപ്പുവെള്ളത്തിൽ നിന്ന് ശുദ്ധ ജലം സംസ്കരിക്കുന്ന പ്രക്രിയ എളുപ്പമാകും.



മുതലക്കണ്ണിന്റെ അടുത്തുള്ള ഒരു ചെറിയ ഗ്രന്ഥി ശരീരത്തിൽ ഉണ്ടാകുന്ന അമിതമായ ഉപ്പിനെ പുറത്തേക്ക് ഒഴുക്കുന്നു.

ഇതിനെയാണ് നാം മുതലക്കണ്ണീർ എന്ന് പറയുന്നത്.

**വേഗത കൂടിയ കപ്പൽ**

കപ്പലിനു തിമിംഗലത്തിന്റെ മാതൃക അവലംബിച്ചപ്പോൾ വേഗതയും വർദ്ധിച്ചു.

അതിവേഗ ബോട്ടുകൾ ഡോൾഫിൻ മാതൃകയിലാണ്. പക്ഷേ ഉദ്ദേശിച്ച ഫലം കിട്ടിയില്ല. അതിന്റെ തൊലിയുടെ മാതൃകയിൽ നിർമ്മിച്ച പദാർത്ഥം കൊണ്ട് അടിഭാഗം ശരിപ്പെടുത്തിയപ്പോൾ വേഗത കൂടി.



വാൾമീനിന്റെ വേഗത വാൾചിറകുകൾ ആണ്. വാൾചിറകുകളുടെ മാതൃകയിൽ ഉണ്ടാക്കിയ ബോട്ടുകൾക്ക് രണ്ടിരട്ടി വേഗത കിട്ടി.

ആഴം കൂടിയ വെള്ളത്തിലും ആഴം കുറഞ്ഞ വെള്ളത്തിലും ഒരുപോലെ സഞ്ചരിക്കാനുള്ള വാഹനം ഉണ്ടാക്കുവാൻ ഒരുതരം ചിലന്തികളെ നിരീക്ഷിച്ചു വരുന്നു. എണ്ണമയമുള്ള കാലുകളാണ് അവയുടെ പ്രത്യേകത.

**പെൻഗ്വിൻ കാർ**

ധ്രുവപ്രദേശത്തെ ഹിമപരപ്പിൽ സഞ്ചരിക്കാൻ കാറുകൾ റെഡിയായിരിക്കുന്നു. പെൻഗ്വിനെ മാതൃകയാക്കിയാണ് ഇത് നിർമിച്ചിരിക്കുന്നത്.




പെൻഗ്വിന് വേഗത്തിൽ സഞ്ചരിക്കേണ്ടി വരുമ്പോൾ കമഴ്ന്നു കിടന്നു ചിറകു കൊണ്ട് തുഴഞ്ഞ് നീങ്ങുന്നു.

**മീൻകണ്ണ്**

ഒരു വലിയ പ്രദേശത്തെ മുഴുവനും ചിത്രീകരിക്കാൻ സാധാരണ ക്യാമറകൾ പര്യാപ്തമല്ല. അങ്ങിനെയാണ് മത്സ്യത്തിന്റെ കണ്ണിലെ പ്രത്യേകത ശ്രദ്ധിക്കപ്പെട്ടത്. ഒരേ സമയം നാലുപാടും കാണാൻ കഴിയുന്ന അതിന്റെ കണ്ണിലെ സാങ്കേതിക രഹസ്യമാണ് FISH EYE ലെൻസിൽ പ്രയോഗവൽക്കരിച്ചിരിക്കുന്നത്.



**സോണാർ കണ്ണട**



ശബ്ദതരംഗങ്ങൾ മുന്നിലുള്ള വസ്തുവിൽ തട്ടി തിരിച്ചെത്തുന്നതു ശ്രദ്ധിച്ചാണ് വവ്വാലുകൾ മാർഗതടസ്സങ്ങൾ മനസ്സിലാക്കുന്നത്.

അന്ധന്മാരുടെ സോണാർ കണ്ണടയിലും ഈ തത്വമാണ് പ്രയോഗിച്ചിരിക്കുന്നത്.


Chairman
Management & Editorial Board : C.Zameem
Printer & Publisher : T.K.Mushtaq Ahmad
Manager : Shafeeq Ahmad Karulai
Circulation Manager : K.Mubarak Ahmad

Chief Editor : H.Shamsuddin
Editor : Shareef Karulai
Members : B.M.Shoukath Ali
Shareef Ahmad
K.Noorudheen

Not for sale - circulation among members only


Views expressed in this publication are not necessarily the belief of the Ahmadiyya Muslim Community

Printed & Published by T.K.Mushtaq Ahmad , for Majlis Khuddamul Ahmadiyya Kerala at Orange ,Calicut